വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്തകം ൩) ഫ്രൻ ൧ ആഗസ്റ്റ് (ലക്കം ൨.

Liscence No. 183.

വിഷയവിവരണിക.

൧. ജാതീയകിഡ്നാനം.
(ശ്രീമൻ എം. കുര്യൻ, [illegible])

൨. മഹാത്മാവായമാർത്തെയസേപ്പിന്റെജീവചരിത്രം.
(സ. വ. ബ. ശ്രീ. ച. മെത്രാനച്ചൻ [illegible])

൩. കേരളവും ദൈവമാതാവും.
(വർത്തമാനപുസ്തകം)

൪. അന്ത്യോക്കിയായോ റോമയോ?.
(വ. ബ. ശ്രീ. [illegible])

൫. സുവിശേഷവായന.
[റവ. ഫാദർ. എഫ്.സി.ഈപ്പൻ ബി.എ. വി.എച്ച്.ഡി.]

൬. അന്തർഭേദമോക്ഷം.
(റവ. ഫാദർ സിറിയക്ക് കാപ്പൻ വി. എച്ച്. ഡി.)

൭. പ്രംസിസ്കോസ്മൂന്നാംസഭയുംയുവജനസമാജങ്ങളും
(റവ. ഫാദർ മാത്യു അലക്കളം)

൮. വി. സെബസ്ത്യാനോസ്. (പദ്യം)
(പ്രവിശ്യാനം വി. എം. തേവർപ്പ)

൯. കത്തോലിക്കസാഹിത്യം.
(വർത്തമാനപുസ്തകം)

൧൦. കത്തോലിക്കരാജ്യങ്ങളിലെപ്രോ. മതപ്രചാരണം

൧൧. കുഞ്ഞുങ്ങൾക്കു മുല്ലപ്പൂമാല.
(അച്ചാച്ചൻ)

൧൨. വാർത്താസംഗ്രഹം.

൧൩. ഉപകാരസ്മരണകർം.

൧൪. ചരമവാർത്തകർം.

൧൫. പരസ്യങ്ങൾ.

൧൬. പഞ്ചാംഗം.

മദ്ധ്യസ്ഥൻ.

പുസ്തകം ൩൰) ഫൻസ്വം ആഗസ്റ്റ് (ലക്കം ൨൰

ജാതീയ കീർത്തനം.

(എം. എം. കുഞ്ഞൻ, പൊൻകുന്നം,)

മണ്ഡപ്പാണി എന്നമട്ട്. (കാമോദരി രൂപകം.)

പല്ലവി.

കൃസ്തനാഥശിഷ്യനായ മാത്തോമ്മാശ്ലീഹാ!
തവപദമതുഗതി (കൃ)

അനുപല്ലവി.

കേരളത്തിൽവേദമോതി ദേഹപരിത്യാഗംചെയ്തോരമല!

ചരണം.

അൻപുപെരുകിയതമ്പുരാനേശുവിൻ
ചങ്കിലേചോരയാ ലങ്കിതമംഗുലി
ശങ്കകളഞ്ഞങ്ങലംകൃതനാകയാൽ
തപൽപ്പ്രതിതൻ—കല്പനയെ—ക്ഷിപ്രതയാ--ലേറുടനേ.
വിഷമതപെരുകിയജലധിയിലതിശതമയിലുകളനവധി
കപ്പലിലും, വഞ്ചിയിലും, വണ്ടിയിലും, നടയായും
യാത്രകഴിച്ചെത്തിയൊരാ (കൃസ്തു)

അനുചരണം.

മൂവുലകംപുകഴുംതവധീരതയിൻകതിരെങ്ങളിൽ
തുകിടണംദിനവുംഗുരുഹീര! സുമംഗളമേറുക
ഭാരതരാജ്യകലാപമതാകെശമിച്ചിടുവാനിഹ
പ്രാർത്ഥിച്ചാത്തികളൊക്കെത്തീർത്തിടണംഗുരുനാഥാ!
അത്ഭുതപ്രവർത്തനങ്ങളെത്രയെത്രചെയ്തനീയും
ആവിധത്തിലീവിഷാദ-മാകെമാറി ശാന്തിയേക!
കീർത്തിപെരും കേരളമാം നാട്ടിൽമുദാ വേദമൂര
ച്ചാത്തികളെ തീർത്തമുനേ!
താവകശിഷ്യജരാകിയ കേരളക്രൈസ്തവരാകവെ
യേകജനാവലിയാകണ-മായതിനർത്ഥനചെയ്യുക (കൃ)

മഹാത്മാവായ മാർ യൗസേപ്പിന്റെ ജീവചരിത്രം.

മാതാപിതാക്കന്മാരുടെ മരണം.

൬. മാലാഖാ ഉപദേശിക്കുന്നു. ഇപ്രകാരം നമ്മുടെ യുവാവ് അനേകം ക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കെ, ഒരു രാത്രിയിൽ മാലാഖാ പ്രത്യക്ഷനായി, അവൻ വീട്ടം വസ്തുക്കളും വേഗം വില്ക്കണമെന്നും, അങ്ങനെ വിറ്റു കിട്ടുന്ന പണത്തിൽ ഒരംശം ദേവാലയത്തിനു ദാനം ചെയ്യണമെന്നും, ബാക്കിയുള്ളതിൽ ഒട്ടു മുഴുവനും സാധുക്കൾക്കു ധർമ്മം ചെയ്യണമെന്നും, ഒരു നിസ്സാര സംഖ്യ മാത്രം സ്വയമായി സൂക്ഷിച്ചാൽ മതിയെന്നും, എന്തെന്നാൽ ദരിദ്രനായിരിക്കുന്നതാണ് ദൈവത്തിനു് അധികമിഷ്ടമെന്നും യൗസേപ്പിനെ അറിയിച്ചു. ദൈവതിരുമനസ്സു് ഇത്ര വ്യക്തമായി ബോദ്ധ്യപ്പെട്ടതുകൊണ്ടും തന്റെ ആഗ്രഹം ഇങ്ങനെ തന്നെ ആയിരുന്നതുകൊണ്ടു, നമ്മുടെ വിശുദ്ധൻ വളരെസന്തുഷ്ടനായി. മാലാഖായുടെ ഉപദേശം പോലെ സകലതും യൗസേപ്പുവേഗത്തിൽ വില്ക്കുകയും ചെയ്തു. ഗ്രാമപ്രമാണികളും സംബന്ധക്കാരും യൗസേപ്പിന്റെ ഈ പ്രവൃത്തിയെ കഠിനമായി ആക്ഷേപിച്ചു. തരവാട്ടു മുടിച്ചവൻ, പച്ചഭ്രാന്തൻ, പട്ടമൂഢൻ, മടിയൻ, ഉത്തരവാദിത്വമില്ലാത്തവൻ, കള്ളസന്യാസി എന്നൊക്കെയായിരുന്നു യൗസേപ്പിനേക്കുറിച്ചുണ്ടായ പൊതു സംസാരം. എന്നാൽ ധീരനായ നമ്മുടെ യുവാവു് ഇതൊന്നും ഗണ്യമാക്കാതെ സ്വദേശം വിട്ടു് തന്റെ നല്ലഭൈവത്തിന്റെ ഭൗമിക വാസസ്ഥലമായ ഓറശ്ലേമിലേക്കു തിരിക്കുവാൻ ഒരുക്കം തുടങ്ങി.

അദ്ധ്യായം ൨൧

വി. യൌസേപ്പു് നസ്രേത്തിൽനിന്നു ഓറശ്ലേമിലേയ്ക്കു മാറിത്താമസിക്കുന്നു.

൧ നസ്രേത്തിനു യാത്രപറയുന്നു.—ഓറശ്ലേം പട്ടണത്തിലേക്കു യാത്ര ആരംഭിക്കുന്നതിനു മുൻപായി നമ്മുടെ യൗസേപ്പു മുട്ടുകുത്തി ഇപ്രകാരം പ്രാർത്ഥിച്ചു—"എന്റെ ദൈവമേ! ഇതാ ഞാൻ എന്റെ പി

തുഭവനത്തിനു് യാത്രപറയുന്നു. അങ്ങേ തിരുമനസ്സു നിറവേറുന്നതിനായി ഞാൻ ദരിദ്രനും ഭിക്ഷുവുമായി നീണ്ടു് അങ്ങേ ഭൌമികഭവനമായ ഓറഗ്ഗത്തേക്കു പോകുന്നു. ഞാൻ എത്രയധികം ദരിദ്രനാകുമോ അത്രയധികം എനിക്കു സന്തോഷമാണു്. എന്തെന്നാൽ അങ്ങു സാധുക്കളെയത്രെ സ്നേഹിക്കുന്നതു്. എന്റെ സ്വദേശികൾ എന്നെ വളരെ ആക്ഷേപിക്കുയും എന്റെ വസ്തുക്കൾ അപഹരിക്കുകയും ചെയ്തിരിക്കുന്നു. എങ്കിലും എന്റെ അനുഗ്രഹമുള്ള ദൈവമേ അങ്ങു് അവരോടു ദയയുള്ളവനായിരുന്നു് അവരുടെ കുറ്റങ്ങളെയെല്ലാം പൊറുക്കണമേ. ഞാൻ പൂർണ്ണഹൃദയത്തോടെ അവരോടു ക്ഷമിച്ചിരിക്കുന്നു. അവർക്കു യാതൊരു തിന്മയും ഞാൻ ആഗ്രഹിക്കുന്നില്ല. ഓറഗ്ഗത്തിൽ ചെന്നതിന്റെ ശേഷം അവിടെയും ഞാൻ ആക്ഷേപിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്താൽ അതൊക്കെയും അങ്ങേ വാഴ്ത്തപ്പെട്ട തിരുമനസ്സു നിറവേറുന്നതിനായി ഞാൻ പൂർണ്ണമനസ്സോടെ സഹിപ്പാൻ ഒരുക്കമായിരിക്കുന്നു.

കേരളവും
ദൈവമാതാവും.

(പത്രാധിപർ)

ആഗസ്റ്റ് മാസം ക്ഷ-ാംതീയതിയാണല്ലൊ ദൈവമാതാവായ പരിശുദ്ധകന്യാസ്ത്രീ മറിയത്തിന്റെ സ്വർഗ്ഗാരോഹണതിരുനാൾ കത്തോലിക്കസഭ ആഘോഷിക്കുന്നതു്. ഇതു പാശ്ചാത്യപൌരസ്ത്യ ഭേദമൊ വിശ്വാസവൈപരീത്യമോ ഗണിക്കാതെ സകല പ്രാചീനസഭകളിലും ആഘോഷിക്കപ്പെട്ടുന്നതിൽനിന്നുതന്നെ ഈ തിരുനാളിന്റെ പഴക്കവും പ്രാധാന്യവും ഏറക്കുറെ ഊഹിക്കാവുന്നതാണു്. ദൈവമാതാവിന്റെ ആത്മശരീരങ്ങൾ ഒരുമിച്ചു സ്വർഗ്ഗത്തിലേക്കു സ്വീകരിക്കപ്പെട്ടു എന്നുള്ളതു് ഒരു വിശ്വാസസത്യമായി ഇനിയും കത്തോലിക്കസഭ പ്രഖ്യാപനം ചെയ്തിട്ടില്ലെങ്കിലും ഇതു് അതിപ്രാചീനകാലം തുതന്നെ ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നുപോരുന്നു. ലോകജീവിതം നയിക്കുന്ന സാമാന്യമനുഷ്യരുടെ ശരീരങ്ങൾ അവരുടെ ആത്മാവിന്റെ അഭിവൃദ്ധിയെ തടയുകയത്രെ ചെയ്യുന്നതു്. പക്ഷേ പാപലേശം തീണ്ടാത്ത മറിയത്തിന്റെ ആത്മാവാകട്ടെ അവരുടെ ശരീരത്തെ ശുദ്ധീകരി

ച്ചു പരിപാവനമാക്കിച്ചെയ്യുകയാണുണ്ടായതു്. സാധാരണ മനുഷ്യരുടെ ശരീരം പാപഫലമായ മരണത്തിനു വശപ്പെട്ടു മണ്ണോടുമണ്ണും ചാരത്തോടുചാരവുമായി ചേരുന്നു. പക്ഷെ പരിശുദ്ധ കന്യാസ്ത്രീമറിയമാകട്ടെ തന്റെ ദിവ്യസുതനോടുള്ള വാചാഗോചരമായ സ്നേഹാധിക്യം കൊണ്ടു് ദേഹക്ലേശമുണ്ടായി മരണം കൈവരിക്കുകയാണു ചെയ്തതു്. ഇപ്രകാരം അനന്യമനുഷ്യസാധാരണമാംവിധത്തിൽ ശുദ്ധീകരിക്കപ്പെട്ട സാക്ഷാൽ ദൈവമാതാവിന്റെ ആത്മശരീരങ്ങൾ ഒരുമിച്ചു സ്വർഗ്ഗരാജ്യത്തിലേക്കു് ഉദ്വഹിക്കപ്പെട്ടു എന്നുള്ള വിശ്വാസം ന്യായയുക്തവും അതിപ്രാചീനവുമാണെന്നു കാണിക്കുന്നതിലേക്കു പാശ്ചാത്യരും പൌരസ്ത്യരുമായ പല സഭാപിതാക്കളുടെ ലേഖനങ്ങൾ സാക്ഷിയാണു്. നാലാം ശതകത്തിലും അതിനു മുൻപും ജീവിച്ചിരുന്ന, ക്രീറ്റ് ദ്വീപവാസിയായ വിശുദ്ധ ആന്ത്രയോസ്, ഓറശ്ലം സ്വദേശിയായ വിശുദ്ധ മോഡസ്തൂസ്, വിശുദ്ധ യോഹന്നാൻ ഡമാസീൻ, ടൂർസ് നഗരവാസിയായ വിശുദ്ധ ഗ്രീഗോറിയൂസ് എന്നിവർ പരിശുദ്ധകന്യാസ്ത്രീമറിയത്തിന്റെ ശരീരത്തോടുകൂടിയ സ്വർഗ്ഗാരോഹണത്തെപ്പറ്റി ദീർഘമായി ഉപന്യസിച്ചിട്ടുള്ളവരാണു്. മാതാവിന്റെ കരേറത്തിരുനാൾ ഒരു പ്രത്യേകതിരുനാളായി സ്ഥാപിക്കപ്പെട്ടതു്, നെസ്റോറിയൻ വിശ്വാസത്തെ ശപിക്കുന്നതിനായി കൂടിയ എപ്പേസൂസ് (ക്രി. വ. ൪൩൧) സൂനഹദോസിനുശേഷമാണെന്നു് ചില ചരിത്രകാരന്മാർ പറയുന്നു. ഏകസ്വഭാവവാദത്തെ ശപിക്കുന്നതിനായി കൽക്കദോന്യാസൂനഹദോസ് കൂടിയ അവസരത്തിൽ—അതായതു ക്രി. വ. ൪൫൧-ൽ ചക്രവർത്തിയായ മാർസ്യനും രാജ്ഞിയായ പുൽക്കേറിയായും ദൈവമാതാവിന്റെ തിരുശേഷിപ്പുകളെ കണ്ടെടുക്കുന്നതിനു താല്പര്യം പ്രദർശിച്ചപ്പോൾ ഓറശ്ലം മെത്രാനായ വിശുദ്ധ യുവനൽ അതിരുമേനികളോടു സഭയുടെ ഈ പാരമ്പര്യത്തെ നിസ്സംശയം അറിവിച്ചതായി ചരിത്രം പറയുന്നു. പരിശുദ്ധകന്യകമറിയം മരിച്ചതു ശ്ലീഹന്മാരുടെ സന്നിധിയിൽവെച്ചായിരുന്നുവെന്നും, മരണസമയത്തും സംസ്കാരസമയത്തും നമ്മുടെ പിതാവായ തോമ്മാശ്ലീഹാ സ്ഥലത്തില്ലായിരുന്നതിനാൽ അദ്ദേഹം വന്നുടനെ കല്ലറ തുറന്നപ്പോൾ മൃതശരീരം കാണ്മാനില്ലായിരുന്നു എന്നും ഈ സംഭവത്തിൽനിന്നു മാതാവിന്റെ ശരീരം സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടതായി ശ്ലീഹന്മാർ വിശ്വസിച്ചു എന്നുമാണു് ഓറശ്ലം മെത്രാനായ വിശുദ്ധ യുവനൽ, ചക്രവർത്തിയേയും രാജ്ഞിയേയും ഉണർത്തിയതു്. മാതാവിന്റെ അവസാനദിവസങ്ങൾ കഴിച്ചു കൂട്ടിയതും മരണം പ്രാപിച്ചതും ഓറശ്ലം പട്ടണത്തിലാണെന്നു കാണുന്നതിനാൽ ആ ദേശ

ത്തിലെ മെത്രാന്റെ നിഷ്കർഷകമായ അഭിപ്രായം കത്തോലിക്കാ സഭയുടെ പരമ്പരാഗതമായ വിശ്വാസത്തെ കാണിക്കുകതന്നെ ചെയ്യുന്നു. പാശ്ചാത്യരും പൗരസ്ത്യരും ഒരുപോലെ വിശ്വസിച്ചുപോരുന്ന ഈ സംഭവത്തിൽ അവിശ്വസിക്കുന്നതു് പക്ഷെ ഭക്തി ഹീനവും ദൈവദൂഷണപരവുമായിരിക്കുമെന്നു നൈനദിക്കോസ് ഫ്ര-ാമൻ എന്ന മാപ്പിളപ്പാ അഭിപ്രായപ്പെട്ടിട്ടുണ്ടു്. അടുത്തകാലത്തു നടക്കുവാനിരിക്കുന്ന വത്തിക്കാൻ സൂനഹദോസിന്റെ തുടർച്ചയിൽ മാതാവിന്റെ ആത്മശരീരസംയുക്തമായ സ്വർഗ്ഗാരോഹണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടുവാൻ ഇടയുള്ളതുമാണു്.

പാശ്ചാത്യരും പൌരസ്ത്യരും, കത്തോലിക്കരും അകത്തോലിക്കരുമായ ക്രിസ്ത്യാനികൾക്കു പൊതുവായ ഒരു മഹത്തിനത്തെപ്പറ്റി പ്രസ്താവിക്കുന്ന അവസരത്തിൽ, മലങ്കരസഭാ ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്ന പല സംഭവങ്ങൾ ഞങ്ങളുടെ മനോമുകുരത്തിൽ അണി നിരക്കുകയും, ഈ നാട്ടിലെ ക്രിസ്തീയജനതയുടെ ഭാവിയിലേക്കു ഞങ്ങളുടെ ചിന്താഗതി ശീഘ്രതരമായി പായുകയും ചെയ്യുന്നു. യൂറോപ്പിലെ "മഞ്ഞുകാലവും മഴക്കാലവും നീങ്ങി വേനൽ വരുന്നതുപോലെ പ്രസന്നയായിരിക്കുന്നു" ഈ കേരളഭൂമി ആദിമകാലം മുതൽ ദേവമാതാവിന്റെ നേരെ വിശേഷഭക്തിയുള്ള ഒരു നാടായിരുന്നു. കേരളത്തിലെ പ്രാചീന ദേവാലയങ്ങളായ നിരണം, കടുത്തുരുത്തി, കുറവിലങ്ങാടു്, അരിയന്നൂർ എന്നീ പള്ളികൾ ദേവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ളവയാണെന്നു കാണുന്നതുതന്നെ ഇതിനൊരു മതിയായ തെളിവാകുന്നു.

മലങ്കരസഭ ഇടക്കാലത്തു നെസ്തോറിയൻ അബദ്ധത്തിൽ വീണുപോയെന്നു ശഠിക്കുന്ന ചരിത്രകാരന്മാരെ കണ്ണുമിഴിപ്പിക്കുന്ന ഒരു സംഗതിയാണു് കോളനസ്രാണികളുടെ ഈ ദൈവമാതൃഭക്തി. ക്രിസ്തീയലോകത്തിൽ അഞ്ചാംശതാബ്ദത്തിലുണ്ടായ നെസ്തോറിയൻ അബദ്ധവിശ്വാസം, പേർഷ്യാ സാമ്രാജ്യത്തിലും അടുത്തുകിടക്കുന്ന പൌരസ്ത്യദേശങ്ങളിലും, വ്യാപിച്ച അവസരത്തിൽ കൽദായസുറിയാനിസഭ മുഴുവനും ആ അബദ്ധവിശ്വാസത്തെ അംഗീകരിച്ചതായി ചില ചരിത്രകാരന്മാർ പറയുന്നു. ഇപ്രകാരമുള്ള ഒരഭിപ്രായത്തെ സാധൂകരിക്കുന്നതിനു ശരിയായ യാതൊരു രേഖയുമില്ലെന്നു മാത്രമല്ല, സത്യവിശ്വാസികളായ പല കൽദായസുറിയാനിക്കാർ മദ്ധ്യശതകങ്ങളിലുണ്ടായിരുന്നു എന്നുള്ളതിലേക്കു ധാരാളം രേഖകളുണ്ടുതാനും. ക്രി. വ. വ്യാകുലാരാണ്ടിൽ കത്തോലിക്കാ സഭാഭരണം ചെയ്തിട്ടുള്ള ശ്രീഗോറിയൂ

സ്തുതിയൻ എന്നവിശുദ്ധപാപ്പാ സിറിയാദേശീയനായഒരു കൽദായ വീ
ത്തുകാരനായിരുന്നു. (Guriel Elementa Linguae Chaldaicae 168)
ഉത്തുക്കുടാതെയും ക്രൂശാകാരം ശീലാഭരണം നട
ത്തിയിരുന്ന കലിക്സറ്റസ് ദ്വിതീയൻ എന്ന മാർപ്പാപ്പായുടെ പക
ൽനിന്ന് ഒരു സിറിയൻമെത്രാപ്പോലീത്തായായ മാർ യോഹന്നാൻ പാ
ല്യം എന്ന സ്ഥാനവസ്ത്രം സ്വീകരിച്ചിട്ടുള്ളതായി ചരിത്രംഘോഷിക്കുന്നു.
(Gesta Callixti II Papae, Vetera Analecta Mabellioni 468)
പേഷ്യാ സാമ്രാജ്യത്തിലുള്ള പൌരസ്ത്യക്രിസ്ത്യാനികളിൽ ഭൂരിപക്ഷ
വുംനെസ്റോറിയമതം സ്വീകരിച്ചിരുന്ന അവസരത്തിലും സത്യവിശ്വാ
സികളായ ഒരുസംഘം ക്രിസ്ത്യാനികൾകിഴക്കൻ പ്രദേശങ്ങളിലുണ്ടായി
രുന്നു എന്നുള്ളതിലേക്കുള്ള രണ്ടു മുഖ്യതെളിവുകളാണ് മേല്പറഞ്ഞിട്ടു
ള്ളവ. നെസ്റോറിയന്മാർ പരിശുദ്ധ കന്യാസ്ത്രീമറിയത്തെ ദൈവമാ
താവായിസ്വീകരിക്കാത്തതുകൊണ്ടു മറിയഭക്തി അവരുടെഇടയിൽ കേ
വലം ശൂന്യമത്രെ. നെസ്റോറിയൻ വിശ്വാസം ശപിക്കപ്പെട്ടശേഷം
എഫ്രേസൂസിലെ ജനാവലി കൈയിൽ ദീപങ്ങൾ കത്തിച്ചു പിടിച്ചു
കൊണ്ട്, "അല്ലയോ ദൈവമാതാവേ! അങ്ങു് അബദ്ധവിശ്വാസത്തെ
നശിപ്പിച്ചു" എന്നാർത്തുവിളിച്ചുകൊണ്ടു മറിയഭക്തിയെ പ്രത്യോതിപ്പിച്ച
തുപോലെ കത്തോലിക്കസഭയിൽ സദാകാലത്തും ഈ ഭക്തി വർദ്ധ
മാനമായി കൊണ്ടാടപ്പെട്ടുന്നു. കേരളം, കത്തോലിക്കവിശ്വാസത്തെ
മുറുക്കെപ്പിടിക്കുകയും നെസ്റോറിയമതത്തെ തിരസ്കരിക്കുകയും ചെയ്തിരു
ന്നുവെന്നുള്ളതിലേക്കുള്ള പ്രധാനലക്ഷ്യം കേരളത്തിലെ മറിയഭക്തിയാ
കുന്നു. അതിപ്രാചീനമായ കത്തോലിക്കദേവാലയങ്ങൾ ദേവമാതാ
വിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതു്, പ്രാചീനകേരളത്തിലെ മറിയ
ഭക്തിയേയും തദ്വാരാ കേരളീയരുടെ കത്തോലിക്കവിശ്വാസദാർഢ്യ
ത്തേയും കാണിക്കുന്നു. സാക്ഷാൽദൈവമാതാവിനോടുള്ള ഭക്തി ഒരു
സ്ത്രീയോടുള്ള ആദരവിലല്ല, ദൈവപുത്രന്റെ മനുഷ്യാവതാരരഹ
സ്യത്തിന്മേലത്രെ അടിസ്ഥാനപ്പെട്ടിരിക്കുന്നതു്. അകയാലത്രെ
സാക്ഷാത്തായ മറിയഭക്തി കത്തോലിക്കസത്യവിശ്വാസത്തിന്റെ യ
ഥാർത്ഥഫലമാണെന്നു പറയുന്നതു്.

മദ്ധ്യശതകങ്ങളിൽ കേരളത്തിലുണ്ടായിരുന്ന മറിയഭക്തി പി
ന്നീടുണ്ടായിട്ടുള്ളതിനേക്കാൾ വർദ്ധമാനമായിത്തന്നെ ഇരുന്നിരുന്നുവെന്നുള്ളതിലേക്കു് ഒ
രു ഒന്നാംതരം രേഖ നാംകാണുന്നതു് ക്രൂശൻകരിശു സത്യത്തിന്നു് വേ
ണ്ടുന്നതായ ഇഗ്നാസിയോസു് അഹത്തല്ലായുടെ ഒരു എഴുത്തിലാണു്.
ഇന്നു കത്തോലിക്കു് സഭയെ വെറുക്കുന്നതിനുള്ള പ്രധാനകാരണമായി

വല അകത്തോലിക്കരും പ്രസ്താവിക്കുന്ന ഈ "ക്രൂനൻകുരിശു പാത്രിയ
ക്കീസു"പോലും ഈനാട്ടിലെ ക്രിസ്ത്യാനികൾക്കു വേണ്ടി മൈലാപ്പൂരിൽ
നിന്നെഴുതിയിട്ടുള്ള ഒരെഴുത്തിൽ ഇപ്രകാരം പറയുന്നു:— "മൈലാപ്പൂ
രായ ഈ പട്ടണത്തിൽ ദൈവമാതാവായ മറിയത്തിന്റെ നാമത്തിൽ
ഞാൻ എത്തിയിരിക്കുന്നതു്, ഇന്ത്യയിൽ നിങ്ങളുടെ നാട്ടിലേക്കു് എ
ന്നെ കൊണ്ടുപോകുവാൻ കഴിയുന്ന അനവധി പുരോഹിതന്മാരും ശെ
മ്മാശന്മാരും ജനങ്ങളും ഇവിടെ വന്നുചേരുന്നതായി ഞാൻ അറിഞ്ഞ
തിനാൽ ആണെന്നു.....നിങ്ങളെല്ലാവരും അറിഞ്ഞുകൊള്ളുവിൻ." ഈ
"ക്രൂനൻ കുരിശു പാത്രിയക്കീസു" അധികാര നിഷേധിയായിരുന്നെ
ങ്കിലും ദൈവമാതാവായ മറിയത്തിന്റെ നാമത്തിൽ വന്നതായി കേര
ള നസ്രാണികളെ അറിവിച്ചിരിക്കുന്നതുകൊണ്ടു് ഈ നാട്ടിലെ ജനത
യുടെ ഇടയിൽ മറിയഭക്തി ശ്രുതമൂലമായിരുന്നു എന്നു കാണാവുന്നതാ
ണു്. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിലേക്കു് അക്ഷീ
ണ പരിശ്രമം ചെയ്തിട്ടു് ഒടുവിൽ ഭഗ്നാശനായി പിൻതിരിയേണ്ടി
വന്ന ഒന്നാം മാർ ദീവന്നാസ്യോസു് എന്ന പുത്തൻകൂർ മെത്രാൻ, കരി
യാറ്റി മല്പാൻ വശം റോമായിലേക്കയച്ച ഏഴുത്തിൽ, താൻ നിരണ
ത്തുള്ള പരിശുദ്ധ കന്യാസ്ത്രീ മറിയത്തിന്റെ ദേവാലയത്തിൽ വച്ചാ
ണു് സകല പട്ടങ്ങളും ഒന്നിച്ചു് സ്വീകരിച്ചതെന്നു പ്രത്യേകം എടുത്തു
പറയുന്നു. പതിനാൻപതാം ശതകത്തിൽ കേരളത്തിലെ പുത്തൻകൂ
റു നസ്രാണികളുടെ മെത്രാന്മാരായി കോട്ടയം വഴയ സെമിനാരി
യിൽ താവളമുറപ്പിച്ച പ്രോട്ടസ്റ്റന്റു പാതിമാർ പുത്തൻകൂറു ശ
മ്മാശന്മാരെ പല പുതിയ അബദ്ധങ്ങൾ പഠിപ്പിച്ചതിൽ, നസ്രാണി
കത്തനാരന്മാർക്കു് ഒട്ടും സഹിക്കാൻ പാടില്ലാതെ വന്നതു്, പരിശുദ്ധ
കന്യാസ്ത്രീ മറിയം പുനർ വിവാഹം കഴിച്ചെന്നും ആ വിവാഹത്തിൽ
സന്താനങ്ങളുണ്ടായിരുന്നുവെന്നും ഏതോ ഒരു പാതിരിസായ്പു് എഴുന്നെ
ള്ളിച്ച അബദ്ധമായിരുന്നുവത്രെ! കത്തോലിക്കാ വിശ്വാസത്തിൽനിന്നു്
വ്യതിചലിച്ചു പോയിട്ടുള്ളവർ പോലും തങ്ങളുടെ പരമ്പരാഗതമായ
മറിയ ഭക്തിയിൽ നിന്നു് ഗണ്യമായി വ്യതിചലിക്കാതെയിരിക്കുന്നതു്
സാക്ഷാൽ അകത്തോലിക്കു് ക്രിസ്ത്യാനികളിൽ ഒരു പ്രധാന ഭാഗത്തി
ന്റെ ഏക പ്രത്യാശാ മാർഗ്ഗമായി ഞങ്ങൾ കരുതുന്നു.

ഭൂലോകത്തിലുള്ള അബദ്ധ വിശ്വാസികൾ എല്ലാം തന്നെ പരി
ശുദ്ധ കന്യാസ്ത്രീ മറിയത്തിന്റെ മാഹാത്മ്യത്തെ പ്രത്യക്ഷമായോ പ
രോക്ഷമായോ അപലപിക്കുന്നതായി കാണാം. ആരിയമതക്കാർ മിശി
ഹായുടെ ദൈവികത്വത്തെ അവഗണിക്കുകയാൽ പരിശുദ്ധ കന്യാസ്ത്രീ

മറിയത്തിന്റെ പദവിയെ വളരെ കുറച്ചുകളഞ്ഞു. നെസ്റ്റോറിയസുകട്ടെ അവൾക്കുള്ള ദൈവ മാതൃസ്ഥാനം പാടേ നിഷേധിച്ചു. പതിനാറാം ശതകത്തിൽ ഉത്ഭവിച്ചിട്ടുള്ള പ്രോട്ടസ്റ്റന്റു സഭകൾ പരിശുദ്ധ കന്യക മറിയത്തോടുള്ള ഭക്തി വെറും അന്ധവിശ്വാസമെന്നു ഗണിച്ചുവരുന്നു.

ദൈവ മാതൃഭക്തി എന്നു പറയുന്നതു് ക്രിസ്തുമതത്തിന്റെ മൂല തത്വങ്ങളിൽ ഒന്നായ ദൈവ പുത്രന്റെ മനുഷ്യാവതാരം എന്ന പരമ രഹസ്യത്തോടു് അവിഭാജ്യമായി യോജിച്ചിരിക്കുന്ന ഒന്നാകുന്നു. ആകയാൽ യഥാർത്ഥ ക്രിസ്തീയ വിശ്വാസം സംപൂർണ്ണമായും അഭംഗമായും പരിപാലിക്കപ്പെടുന്ന ദേശങ്ങളിലൊക്കെയും യഥാർത്ഥമായ ദൈവമാതൃ ഭക്തി പ്രശോഭിക്കാതെയിരിക്കുകയില്ല. കേരളത്തിലെ പ്രാചീന ക്രിസ്ത്യാനികളിൽ ഒരു ഗണ്യമായ ഭാഗം സഭാ ഭരണ സംബന്ധമായ വല തകരാറുകൾക്കും കശപിശകൾക്കും വഴിപ്പെട്ടു് സാക്ഷാത്തായ കത്തോലിക്കു് വിശ്വാസത്തിൽ നിന്നു വ്യതിചലിച്ചു പോയിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമായിരിക്കാം. പക്ഷെ, കേരളം ഒരു അബദ്ധോപദേശത്തിന്റെ മാതൃസ്ഥാനം വഹിക്കുന്നില്ല. അജ്ഞതയും ദുർവാശിയും അസ്ഥാനസ്ഥമായ സ്വജാതിസ്നേഹവും അവളുടെ സന്തതികളെ വഴി തെറ്റിച്ചിട്ടുണ്ടായിരിക്കാം. പക്ഷെ മനഃപൂർവ്വമായ അബദ്ധോപദേശ പ്രസക്തി കേരള നസ്രാണി ജനത്തെ വഴി പിഴപ്പിച്ചിട്ടുണ്ടെന്നു തീർച്ചു പറയുവാൻ ഞങ്ങൾക്കു ധൈര്യം തോന്നുന്നില്ല. ഇന്നും ദേവമാതൃഭക്തി മിക്ക അകത്തോലിക്കു് ക്രിസ്ത്യാനികളുടെ ഇടയിലും ശുദ്ധമൂലമായി കിടക്കുന്നു. അബദ്ധോപദേശങ്ങളുടെ ജേതൃവായ ആ സപ്ത്തീയ രാജ്ഞി, കേരളീയ നസ്രാണികളുടെ ദയനീയാവസ്ഥയിൽ കരുണതോന്നി, ഛിന്നഭിന്നമായി കിടക്കുന്ന ഈ ആട്ടിൻ കൂട്ടത്തെ പുനരൈക്യപ്പെടുത്തുന്നതിനുവേണ്ടി നമുക്കെല്ലാവർക്കും ഈ മാസത്തിൽ ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കാം. ക്രിസ്തുവർഷം ൧൯൬൫ാമാണ്ടു് എപ്പേസൂസിലെ ജനാവലി സന്തോഷ സംഭരിതരായി, "അല്ലയോ ദൈവ മാതാവെ! അങ്ങു് അബദ്ധ വിശ്വാസത്തെ നശിപ്പിച്ചിരിക്കുന്നു" എന്നു് ആർത്തു വിളിച്ചതുപോലെ കേരളത്തിലെ ഭൂരിപക്ഷ ക്രിസ്ത്യാനികൾക്കും ആർത്തു വിളിച്ചു് ദൈവത്തെ സ്തുതിക്കുന്നതിനു് തദനന്തരം ൧൯൩൦ കൊല്ലം തികയുന്ന ഫെസ്റ്റ-ൽ സാധിക്കുകയില്ലെന്നു് ആരറിഞ്ഞു.?

അന്ത്യോക്കിയായോ റോമയോ?

(വന്ദ്യ ദിവ്യശ്രീ മൊൺസിഞ്ഞോർ അന്തോനി, പുതുശ്ശേരി).



ഫോ. വി. പത്രോസ് അന്ത്യോക്കിയായിലും റോമയിലും മെത്രാനായി സഭയെ ഭരിച്ചിട്ടുണ്ട്. അന്ത്യോക്കിയായിൽവി. എവോദിയോസിനെമെത്രാനായി വാഴിച്ചാക്കിക്കൊണ്ടാണ് പത്രോസു റോമയ്ക്കു പോയത്. റോമയിൽ പിൻഗാമിയെ വാഴിക്കാതെ പത്രോസു മരണം പ്രാപിച്ചു. ആകയാൽ പത്രോസിന്റെ പരമാധികാരം അന്ത്യോക്കിയാ മെത്രാനു ഇരിക്കേണ്ടതല്ലയോ?

ഉ. വി. പത്രോസ് അന്ത്യോക്കിയായിൽ മെത്രാനായി കുറേക്കാലം സഭ ഭരിച്ചശേഷം അവിടെ വി. എവോദിയോസിനെ മെത്രാനായി സ്ഥാപിച്ചു റോമയിലേക്കുപോയി. അനന്തരം അവിടെയും പത്രോസു മെത്രാനായി വർത്തിച്ചിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം റോമയിൽവച്ചു വി. പത്രോസ് മരണം പ്രാപിച്ചതിനെ തുടർന്നു റോമായിലും പത്രോസിനു അനന്തരഗാമികളുണ്ടായി. ഇങ്ങനെ റോമയിലുണ്ടായ അനന്തരഗാമികൾക്കോ, അഥവാ അന്ത്യോക്കിയായിലുണ്ടായ അനന്തരഗാമികൾക്കോ പത്രോസിന്റെ പരമാധികാരം ഇരിക്കേണ്ടതു് എന്നതാണു് തർക്കവിഷയം. ഈ വിഷയത്തിനു തെളിവുകൾ പലതുണ്ടാകാം. പത്രോസു തന്റെ പരമാധികാരം ഏതെങ്കിലും സ്ഥലത്തെ അനന്തരഗാമികൾക്കു് ഏൽപ്പിച്ചു കൊടുത്തതായി വേദപുസ്തകത്തിൽനിന്നു വ്യക്തമാകുന്നില്ല. കൂടാതെ പത്രോസ് ജീവിച്ചിരിക്കയിൽ തന്റെപരമാധികാരം അന്ത്യോക്കിയായിൽ കൊടുത്തുപോന്നുവെന്നോ മരണശേഷം ആ അധികാരം അന്ത്യോക്കിയായിലുള്ള കിട്ടത്തക്കവണ്ണംനിശ്ചയിച്ചുവെന്നോകാണിക്കുന്നതായ ലക്ഷ്യങ്ങളുമില്ല. തന്മൂലം, പരമാധികാരംപ്രയോഗിച്ച അനന്തരഗാമികൾആരെന്നും, ആ അധികാരപ്രയോഗത്തെതിരുസഭപൊതുവെ സ്വീകരിച്ചുവോ എന്നും പരിശോധിച്ചിട്ടുവേണം അദ്ധ്യാപി അ

തു് ആരിൽ സ്ഥിതിചെയ്യുന്നു എന്നു വിധിക്കുവാൻ. ആകയാൽ അതിനായി ശ്രമിക്കാം.

വി. പത്രോസു അന്ത്യോക്കിയായിൽ ഏവോദ്യോസിനെ മെത്രാനായി സ്ഥാപിക്കുകയുണ്ടായി. എന്നാൽ അധികം താമസിയാതെ വേദസാക്ഷിയായി മരിച്ചു എന്നല്ലാതെ ഏവോദിയോസിനെപ്പറ്റി അധികമൊന്നും നാം അറിയുന്നില്ല. ഏവോദിയോസിനെ തുടർന്നു് അന്ത്യോക്കിയായിൽ മെത്രാനായതു വി. ഇഗ്നാസിയോസാണു്. ഇദ്ദേഹം അതിവിശ്രുതനും ഭക്തനും സാഹിത്യകുശലനുമായിരുന്നു. ഈ മെത്രാൻ പത്രോസിനെയും പൌലോസിനെയും യോഹന്നാനെയും അന്ത്യോക്കിയായിൽവെച്ചു നേരിട്ടു കണ്ടിട്ടുള്ളവനാണു്. ഈ സിംഹാസനം റോമാസിംഹാസനത്തെപ്പറ്റി, അതു സ്നേഹസമൂഹത്തിൽ അഥവാ, സമസ്തവിശ്വാസികളുടെ മദ്ധ്യേ അദ്ധ്യക്ഷസ്ഥാനമെന്നു സമ്മതിച്ചിരിക്കുന്നു. (Migne. V. Euchrid. Font.) കൂടാതെ അതേസാക്ഷ്യത്തിൽ റോമാപ്പള്ളി റോമാക്കാരുടെ സ്ഥലത്തു് അദ്ധ്യക്ഷക്രൂടെയുമാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഇത്താല്യയിൽ അന്നു റോമയല്ലാതെ വേറെ പള്ളി ഇല്ലാതിരുന്ന സ്ഥിതിക്കു് അതിനെ അദ്ധ്യക്ഷയെന്നു പറഞ്ഞിരിക്കുന്നതു് ലോകസമക്ഷം അദ്ധ്യക്ഷയെന്നല്ലാതെ വിചാരിക്കാൻനിവൃത്തിയില്ല. നിങ്ങൾ അന്യരെ പഠിപ്പിച്ചിരിക്കുന്നുവെന്നുകൂടെയും വി. ഇഗ്നാസിയോസു റോമാപ്പള്ളിക്കു് എഴുതിയിട്ടുണ്ടു്. നിങ്ങളുടെ വിശ്വാസം ലോകം മുഴുവൻ അറിയപ്പെട്ടിരിക്കുന്നുവെന്നു വി. പൌലോസും എഴുതിയിരിക്കുന്നു. (റോമ. 1. വ) ഇതിനും പുറമെ ശത്രുക്കൾ വി. ഇഗ്നാസിയോസിനെ റോമായിലേയ്ക്കു കൊണ്ടുപോയപ്പോൾ അനാഥയായ അന്ത്യോക്കിയാ സഭയെ അദ്ദേഹം, അടുത്തുള്ളതും വി. യോഹന്നാൻ സ്ഥാപിച്ചതുമായ അപ്പസ്തൊസു പള്ളിയുടെ ഭരണത്തിനേൽപിക്കാതെ, റോമാസഭയുടെ ആധിപത്യത്തിലാണു് ഏൽപ്പിച്ചതു്. (Ad Romanos) റോമാപ്പള്ളി കഠിനമായ വേദപീഡകം അനുഭവിച്ചിരുന്ന കാലഘട്ടമാണെങ്കിലും പരമാധികാരം അവിടെ ആയതുകൊണ്ടാണു് ഇപ്രകാരംചെയ്യപ്പെട്ടതു്.

അന്ത്യോക്കിയായിലെ വി. ഇഗ്നാസിയോസിന്റെ സമകാലീനനാണു വി. പത്രോസിനു റോമയിൽ അനന്തരഗാമിയായി വന്ന വി. ക്ലേമീസ്. ഇവരുടെ ഭരണകാലത്തു കോറിന്ത്യായിൽ പൈതൃകാദ്ധ്യക്ഷന്മാർക്കു വിരോധമായി വിശ്വാസികൾ വലിയ കലഹങ്ങളുണ്ടാക്കി. അപ്പോൾ കോറിന്ത്യാസ്ഥരുടെത്തുള്ള അപ്പോസ്തൊസിൽ വി. യോഹന്നാൻശ്ലീഹാ

ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. കോറിന്ത്യാ പള്ളിയുടെ സ്ഥാപകൻ വി. പൌലോസുതന്നെയുമായിരുന്നു. മാത്രമല്ല, റോമാപള്ളിയുടെ സ്ഥാപനത്തിനുശേഷം അന്നു അൻപതുകൊല്ലങ്ങളേ കഴിഞ്ഞിരുന്നതുമുള്ളൂ. അപ്പൂസ്സൂസ്, അന്ത്യോക്കിയാ മുതലായ പൌരസ്ത്യസഭകളുമായി കോറിന്ത്യാക്കു കൂടുതൽ ഗതാഗതബന്ധങ്ങളുണ്ടായിരുന്നില്ല. ഇങ്ങനെയെല്ലാമായിരുന്നിട്ടും റോമയിലെ വി. ക്ലേമിസ് സമാധാനവും ഐക്യവും പരിപാലിക്കേണ്ടതായ കടമ, തന്നെ ബാധിക്കുന്നുവെന്നു കാണിച്ചു കോറിന്ത്യരുടെ മേൽ അന്ന് തന്റെ അധികാരം പ്രയോഗിക്കുകയുണ്ടായി. കോറിന്ത്യർ സസന്തോഷം അദ്ദേഹത്തിനു കീഴ് വഴങ്ങുകയും ചെയ്തു. ഇതിൽനിന്നു ശ്ലീഹായായ വി. യോഹന്നാനുപോലും ഇല്ലാതിരുന്ന ഒരധികാരം ശ്ലീഹായല്ലാത്തവനെങ്കിലും പത്രോസിന്റെ റോമയിലെ അനന്തരഗാമിയായ് വി. ക്ലേമിസിനു് ഉണ്ടായിരുന്നുവെന്നും അതു ക്രിസ്തീയലോകം അറിഞ്ഞു് അനുസരിച്ചുവെന്നും സ്പഷ്ടമല്ലയോ? ചുരുക്കിപ്പറഞ്ഞാൽ അന്ത്യോക്യായിലെ വി. ഇഗ്നാസിയോസ്, പത്രോസിന്റെ പരമാദ്ധ്യക്ഷസ്ഥാനം റോമാപള്ളിയിലാണെന്നും, റോമയിലെ വി. ക്ലേമിസ് ആ അധികാരം തനിക്കുണ്ടെന്നും ഒന്നാംനൂറ്റാണ്ടിൽ തന്നെ വ്യക്തമാക്കിക്കഴിഞ്ഞു. പത്രോസിന്റെ അടുത്ത അനന്തരഗാമികളായ റോമായിലെയും അന്ത്യോക്കിയായിലെയും ഭരണാധികാരികൾ ഈവിധം വിചാരിക്കുയും പറയുകയും പ്രവർത്തിക്കുയും ചെയ്തുവന്ന പൂർവചരിത്രം പാടേ വിസ്മരിച്ചു് ഇപ്പോൾ ആരെങ്കിലും പത്രോസിന്റെ പരമാധികാരം അന്ത്യോക്കിയായിലാണെന്നു ശഠിച്ചാൽ ഫലമെന്തു്? അതു റോമയിൽ ഉറച്ചുപോയി. തന്മൂലം പത്രോസിന്റെ പരമാധികാരമുള്ളവർ റോമയിലെ മാപ്പാപ്പാമാർ തന്നെ.

അനന്തരകാലങ്ങളിൽ അന്ത്യോക്കിയയുടെ പരിതഃസ്ഥിതികളിൽ പോലും ഉത്ഭവിച്ച പാഷണ്ഡമതങ്ങളെക്കൂടി സൗഹാർദ്ദോന്മുക്തമായി തന്നെയും ശപിച്ചിട്ടുള്ളതു റോമാമാപ്പാപ്പമാരാണു്. (Eusebius) വല്ല അനുകൂല്യവും സിദ്ധിച്ചേക്കുമെന്ന കരുതി പാഷണ്ഡർ റോമയിൽമാത്രമാണു് അഭയം പ്രാപിച്ചിട്ടുള്ളതും. (Mgr. Duchense .Churches separated frem Rome) കൂടാതെ റോമാ എന്തധികാരത്താൽ പാഷണ്ഡരെശപിച്ചുവെന്നു് ഒരിക്കലുംആരും ചോദിച്ചിട്ടില്ല. മറെറാരു അധികാരത്തിലേക്കു് ആരും അപ്പീൽബോധിപ്പിച്ചിട്ടുമില്ല. ഇതിനും പുറമെ അന്ത്യോക്കിയാ അധികാരികൾ പരമാധികാരം തങ്ങൾക്കുള്ളതാണെന്നവാദിക്കയോ തദനുസാരംപ്രവൃത്തിക്കയോചെയ്തായും കാണുന്നില്ല. മൂ

ന്നാംനൂറ്റാണ്ടിൽ അന്തിയോക്കിയാപാത്രിയക്കീസായിരുന്ന സുമോസത്ത പൗലോസ്, പാഷണ്ഡതയിൽ പതിക്കുംസ്ഥാനഭ്രഷ്ടനാക്കപ്പെട്ടുകയുമുണ്ടായി. വിശ്വാസത്തിൽ സ്ഥിരത സിദ്ധിച്ച പത്രോസിന്റെ പരമാധികാരിക്ക് ഈവിധം സംഭവിക്കുമോ?

പെസഹാമോഷം സംബന്ധിച്ച പൌരസ്ത്യ സഭയിൽ ഉത്ഭവിച്ച തർക്കവും അവലാധിയും റോമ്മയിലാണ ബോധിപ്പിക്കപ്പെട്ടത്. ഇതുസംബന്ധമായി അവസാനതീർപ്പുചെയ്യുന്നിക്യാസുനഹദോസു റോമ്മയിലെ അധികാരത്താൽ വിളിച്ചു കൂട്ടപ്പെട്ടതും, റോമാപ്രതിനിധി അദ്ധ്യക്ഷം വഹിച്ചതും അന്ത്യോക്കിയായിലെയും മറ്റും പാത്രിയക്കീസന്മാർ കീഴുള്ളവരായി സംബന്ധിച്ചതും അതിലെ നിശ്ചയങ്ങൾ റോമ്മാ അംഗീകരിച്ചു് ഉറപ്പിച്ചതുമാകുന്നു. പെസഹാമോഷത്തെ സംബന്ധിച്ചുള്ളഅ സുനഹദോസിലെ നിശ്ചയം ശ്രദ്ധേയമാണ്. ഏതൽ സംബന്ധമായി ശാസ്ത്രനിപുണത സമ്പാദിച്ച അലക്സാന്ത്രിയാപ്പള്ളി പെസഹാ ആഘോഷിക്കേണ്ട തീയതിയും മാസവും പക്ഷവും ആണ്ടുതോറും എഴുത്തുമൂലം റോമ്മാപ്പള്ളിയെ അറിയിക്കണം. അവിടെനിന്നു പെസഹാ ആഘോഷത്തിനായി ശ്ലൈഹികാധികാരത്താൽ നിശ്ചയിക്കപ്പെടുന്ന ദിവസം ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന കത്തോലിക്കാ പള്ളി അറിഞ്ഞുകൊള്ളും.

ഇങ്ങിനെ പത്രോസിന്റെ പരമാധികാരം റോമയിൽനിന്നുമാത്രം പ്രയോഗിച്ചിട്ടുള്ളതായും അതിനെ മാത്രം വിശ്വാസികൾ സ്വീകരിച്ചിട്ടുള്ളതായും കാണിക്കാവുന്ന ലക്ഷ്യങ്ങൾ ഓരോനൂറ്റാണ്ടുകളിലും ഉണ്ടായിട്ടുള്ളതായി വേണമെങ്കിൽ ഇനിയും അനവധി എണ്ണംഎടുത്തുകാണിപ്പാൻകഴിയും. വിസ്തരഭയത്താൽപത്രോസിന്റെ പരമാധികാരം റോമ്മാ മാർപ്പാപ്പമാരിലാണ സ്ഥിതിചെയ്യുന്നതെന്നും, അതു് അന്ത്യോക്കിയാ പാത്രിയക്കീസിലല്ലെന്നും മുരുക്കിപ്പറയേണ്ടതേ ഇവിടെ ആവശ്യമുള്ളൂ.

സുവിശേഷ വായന.

റവ. ഫാ. എ. സി. ഈറ്റപ്പൻ. ബി. എ. പി. എച്ച്. ഡി.

സുവിശേഷം പൊതുജനങ്ങൾക്കും കുടുംബങ്ങൾക്കും ഉള്ള ഒരു പുസ്തകമാകുന്നു, എന്തുകൊണ്ടെന്നാൽ അതു് ആശ്വാസവും സന്മാതൃക

യും കൊണ്ട് നിറഞ്ഞതാകുന്നു. മലയിലെ പ്രസംഗത്തിൽ എട്ടു ഭാഗ്യങ്ങളെപ്പറ്റി പ്രസ്താവിക്കുമ്പോൾ, ഏറ്റവുമാവശ്യം താൻ ഓരോ വാക്യാനന്തത്തിലും "ഭാഗ്യവാന്മാരാകുന്നു" എന്ന വാക്കുപയോഗിക്കുന്നു. ദരിദ്രന്മാർ ഭാഗ്യവാന്മാരാകുന്നു, കരയുന്നവർ ഭാഗ്യവാന്മാരാകുന്നു, കരുണയുള്ളവർ ഭാഗ്യവാന്മാരാകുന്നു, ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാരാകുന്നു. "അവർ നിങ്ങളെ ദുഷിക്കുകയും ഞെരുക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു" (മ. ൫, ൧൧.) എന്നാൽ "ധനവാന്മാരായ നിങ്ങൾക്കു ദുരിതം; ഇപ്പോൾ ചിരിക്കുന്നവരായ നിങ്ങൾക്കു ദുരിതം...മനുഷ്യർ നിങ്ങളെ അനുഗ്രഹിക്കുമ്പോൾ നിങ്ങൾക്കു ദുരിതം...,(ലൂ. ൬. ൨൪.) ദൈവ പരിപാലനയെപ്പറ്റിയുള്ള തന്റെ വ്യാഖ്യാനം എത്ര ആശ്വാസപ്രദമാകുന്നു. "ആകയാൽ, നമുക്ക് എന്തു ഭക്ഷിക്കാൻകിട്ടും എന്നു പറഞ്ഞുകൊണ്ട് ചിന്താകുലരായിരിക്കരുതു്...എന്തുകൊണ്ടെന്നാൽ ഇവയെല്ലാം നിങ്ങൾക്കാവശ്യമുണ്ടെന്നു് നിങ്ങളുടെ സ്വർഗ്ഗീയ പിതാവറിയുന്നു" [മ. ന. ൬൪. ൩൨.] മിശിഹാ ജനക്കൂട്ടത്തെ കണ്ടപ്പോൾ അവരുടെമേൽ അലിവുതോന്നി, എന്തുകൊണ്ടെന്നാൽ അവർക്ക് ഭക്ഷിപ്പാൻ ഒന്നുമില്ലായിരുന്നു, (മ. ക്ര. ൫൨) കഷ്ടപ്പെടുന്നവരോടും ഞെരുക്കപ്പെടുന്നവരോടും "ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു താൻ വാഗ്ദാനം ചെയ്യുന്നു. [മ. ക്ര, ൫൨.] ദുഃഖസൂചകമായ മുഖത്തോട്ടുകൂടിയ ഒരാളെ കാണുമ്പോൾ "കരയണ്ടാ" എന്നു താൻ പറയുന്നു. തങ്ങൾ ഭ്രതങ്ങളെ കാണുന്നുവെന്നു മാനുഷികദൃഷ്ടികൾ വിധിക്കുമ്പോൾ, "ഞാനാകുന്നു ഭയപ്പെടേണ്ട" എന്നു താൻ പഠയുന്നു. (മക്കോ ന, ൬൦) മനുഷ്യപാദങ്ങൾക്കു നിൽക്കുന്നതിനു് ഉറച്ച നിലം ഇല്ലെന്നു താൻ കാണുമ്പോൾ, മുങ്ങാൻപോകുന്നവർക്കു താൻ കൈനീട്ടിക്കൊടുക്കുന്നു. (മ. ക്ര. ൫൦) തന്റെ മരണത്തെപ്പറ്റി ഓർത്തു മനുഷ്യർ വിറയ്ക്കുമ്പോൾ "ഞാൻ എന്റെ പിതാവിൻ പക്കലേയ്ക്കു പോകുന്നു" എന്നു താൻ അരുളിച്ചെയ്യുന്നു. (യോ ക്രന. ൧൬)

സാധുക്കളായ പാപികളുടെ നേരെ ഈശോ അസാധാരണമായ കാരുണ്യവും അളവില്ലാത്ത അനുകമ്പയും കാണിക്കുന്നു. "നിങ്ങൾ പോയി നിങ്ങളെ പ്രധാനാചാര്യനെ കാണിക്കുവിൻ" എന്ന പാപസങ്കീർത്തനത്തിനു മുമ്പു താൻ അവരോടു് ഉപദേശിക്കയും, അവർ പ്രായശ്ചിത്തം ചെയ്തതിന്റെ ശേഷം "മകനേ, നീ സമാധാനമായിരിക്ക, നിന്റെ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു് അവരെ ആശ്വസിപ്പിക്കുകയും, ചെയ്യുന്നു. (മ. ൯, ൨.) സുവിശേഷത്തിലെ

ഇപ്രകാരമുള്ള വാക്യങ്ങൾ നാം വായിക്കുമ്പോൾ, രക്ഷിതാവിന്റെ കൈ നമ്മുടെ തലയിൽ വെച്ചിരിക്കുന്നതായി നമുക്കുതോന്നുകയും, "നമുക്ക് ഒരു നല്ല കർത്താവുണ്ട്" എന്നു നാം ഏറ്റു പറയുകയും ചെയ്യുന്നു. വിശുദ്ധ ഗ്രന്ഥത്തെ നാം ഏറ്റവും അധികമായി സ്നേഹിക്കണം. "നിങ്ങൾ വന്നു കർത്താവു് എത്ര മധുരമുള്ളവനാണെന്നു രുചിച്ചുനോക്കുവിൻ".

ആദ്യമായിത്തന്നെ, ക്രമേക്രമേ വായിക്കുന്നതിനായി സുവിശേഷം നമ്മുടെ ഗൃഹത്തിൽ ഉണ്ടായിരിക്കണം. "വിശുദ്ധ ലിഖിതങ്ങൾ നാം ഉത്സാഹപൂർവ്വം വായിക്കണമെന്നു കത്തോലിക്കാ സഭ ആഗ്രഹിക്കുന്നു" എന്നു് വേദോപദേശ പുസ്തകം നമ്മെ ഓർപ്പിക്കുന്നു. സുവിശേഷം എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും വായിക്കപ്പെടണമെന്നുള്ള ആഗ്രഹം കാലം ചെയ്ത മാർപ്പാപ്പാമാർ വെളിപ്പെടുത്തിയിട്ടുണ്ടു്.

ചെറുപ്പക്കാർക്കും പ്രായം ചെന്നവർക്കും വിലപിടിച്ച ഒരു സമ്മാനം എന്ന നിലയിൽ സുവിശേഷത്തിന്റെ ഒരു പ്രതിയെ സമ്മാനിക്കുന്നതിനു് ആരും മടിക്കേണ്ടതില്ല. സ്നീകാംക്ഷമായ ഒരുസമ്മാനമായി അതു നൽകപ്പെടാനുള്ള മറ്റു അവസരങ്ങൾ മുമ്പിലത്തെ ഒപ്പുശ്ശാ കൈക്കൊള്ളുന്ന ദിവസം, വിവാഹ ദിവസം, ജനന ദിവസം മുതലായവയാകുന്നു. എന്നാൽ സഭാധികാരികളുടെ ഔദ്യോഗികമായ അംഗീകരണമുള്ള സുവിശേഷ ഗ്രന്ഥം മാത്രം വാങ്ങിക്കാൻ എല്ലാ കത്തോലിക്കരും ശ്രദ്ധിക്കണം.

സുവിശേഷ വായന ഒരു ദൈവിക ശുശ്രൂഷപോലെ ഭക്തിയോടുകൂടി നടത്തേണ്ടതാണു്. പ്രായം ചെന്ന കുട്ടികളിൽ ഒരാൾ പതിവായ വായനക്കാരൻ ആയിരിക്കുകയും, വായന എല്ലാ ദിവസവും ഒരുനിശ്ചിത സമയത്തു നടത്തപ്പെടുകയും ചെയ്യട്ടെ; എല്ലാദിവസവും ഏകനേരം കൂടെ സമയത്തേക്കൊ, അല്ലെങ്കിൽ കുറഞ്ഞപക്ഷം ഞായറാഴ്ചകളിൽ ഒരു നിശ്ചിത സമയത്തോ നടത്തപ്പെടാവുന്നതാകുന്നു. പള്ളിയിൽ പട്ടക്കാരൻ ചെയ്യുന്നതുപോലെ വായന കഴിയുമ്പോൾ വായിക്കുന്ന ആൾ ഭക്തിപൂർവ്വം പുസ്തകം മുത്തുകയും, ശേഷം പേർ ഭക്തിയോടുകൂടി "ദൈവത്തിനു സ്തുതി" എന്നുത്തരിക്കയും ചെയ്യട്ടെ. ഓരോ പ്രാവശ്യവും അധികം വായിക്കുന്നതു് നന്നല്ല; ഇരുപതോ മുപ്പതോ വാക്യങ്ങൾ മതിയായിരിക്കും. ഒരേ സമയം അധികം വായിക്കുന്നതിനേക്കാൾ നല്ലതു് വായിച്ചതുതന്നെ വീണ്ടും വായിക്കുകയാകുന്നു. സാവ

ധ്യാനത്തിലും അത്മവുഷ്ടിയോടുംകൂടി വായിക്കണം. "എന്റെ നാമത്തിൽ,, രണ്ടോ മൂന്നോ പേർ കൂടിയിരിക്കുന്നിടത്തു് അവരുടെ മദ്ധ്യേ ഞാനുണ്ടു് (മത്താ. ൧൮. ൨൦.) എന്നുള്ള ദൈവിക വാഗ്ദാനം അപ്പോൾ നിറവേറും. അപ്പോൾ നാം പാർക്കുന്നമുറി ഒരു പരിശുദ്ധ സ്ഥലം ആയിത്തീരുകയും, ക്രിസ്തുരാജൻ നമ്മുടെ ഇടയിൽ നില്ക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യും. ചെറിയ കുട്ടികൾക്കു പ്രത്യേകിച്ചും ഇപ്രകാരമുള്ള വായനകളിൽ നിന്നും വിലയേറിയ ജീവിതാദർശങ്ങൾ ലഭിക്കുകയും, ക്രിസ്തീയ ജീവിതത്തിനാവശ്യമായ ബോധജ്ഞാനം അവർക്കു സിദ്ധിക്കുകയും ചെയ്യുന്നു. വിശുദ്ധ പുസ്തകത്തിൽനിന്നും ചെറിയ അദ്ധ്യായങ്ങൾ ദിനംപ്രതി വായിച്ചു കേൾപ്പിക്കുന്നതിനും മറക്കരുതു്.

സുവിശേഷം പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ഉള്ള ഒരു പുസ്തകമാകുന്നു. ഈ ഗ്രന്ഥം നാം വായിക്കുകയും പഠിക്കുകയും ചെയ്യുൽ പോരാ. നമ്മുടെ മനശ്ശക്തിയെ സുവിശേഷത്തിലെ തത്വങ്ങളോടു് അനുരൂപമാക്കുകയും ഇപ്രകാരം നമ്മിൽ ദൈവസ്നേഹം വർദ്ധിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമേ നമുക്കു സുവിശേഷത്തിൽനിന്നും നൂറിരട്ടി ഫലം ലഭിക്കയുള്ളൂ. ഭക്തിസംബന്ധമായ മറ്റു പുസ്തകങ്ങൾ ഉപേക്ഷിക്കണമെന്നു് ഇതിൽനിന്നും വരുന്നില്ല. എന്നാൽ അഗാധബുദ്ധിയുള്ളവർ ഈ ഗ്രന്ഥവുമായി പരിചയപ്പെട്ടുകഴിഞ്ഞാൽ പിന്നെ, മറ്റു ഗ്രന്ഥങ്ങൾ വായിച്ചാലും വീണ്ടും ഈ ഗ്രന്ഥം വീണ്ടു വായിക്കുന്നതിനാഗ്രഹിക്കുന്നതായിരിക്കും. ധ്യാനദിവസങ്ങളിൽ സാധാരണമായി ഉപദേശങ്ങൾ നൽകപ്പെടുന്നതു് സുവിശേഷത്തിലെ മിശിഹായുടെ പഠനങ്ങൾ അനുസരിച്ചാണു്. ദിവസവും വി. കുർബാന കൈക്കൊള്ളുന്നവർക്കു സുവിശേഷവായനവഴിയായി തങ്ങളുടെ ദിവ്യകാരുണ്യകർത്താവുമായി ക്രൂതൽ ഐക്യപ്പെടുന്നതിനുള്ള ഒരു മാർഗ്ഗം ലഭിക്കുകയും വി. കുർബാന കൈക്കൊള്ളുന്നതിനു വേണ്ടവിധം ഒരുങ്ങുന്നതിനും കൈക്കൊണ്ടശേഷം ഉപകാരസ്മരണ ചെയ്യുന്നതിനും ഇതു് അവർക്കു് ഒരു സഹായമായിരിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ വിധത്തിൽ വി. കുർബാന കൈക്കൊള്ളുന്നതിനു സുവിശേഷത്തിലെ വാക്യങ്ങൾ ഉപയോഗിക്കാവുന്നതാണു്. വി. കുർബാനയും സുവിശേഷവായനയും നവീനപുരുഷനായിൽ ദൈവം നട്ടിരിക്കുന്ന ജീവന്റെയും ജ്ഞാനത്തിന്റെയും വൃക്ഷങ്ങളാകുന്നു.

നാം സുവിശേഷം വായിക്കാൻ എടുക്കുന്നതിനു മുമ്പായി നമ്മുടെ ആത്മാവിനെ ഒരുക്കുകയും, പട്ടക്കാരൻ ത്രോണോസുകൾ പ്രാർത്ഥിക്കു

ന്നതുപോലെ പ്രാർത്ഥിക്കുകയും ചെയ്യണം. "തന്റെ സുവിശേഷത്തെ ശരിയായും യോഗ്യതയോടും ഞാൻ വായിക്കുന്നതിനായി, കർത്താവു് എന്റെ ഹൃദയത്തിലും എന്റെ അധരങ്ങളിലും ഉണ്ടായിരിക്കട്ടെ" നാം വായിക്കുമ്പോൾ, മിശിഹായുടെ വെളിച്ചം പ്രവേശിക്കുന്നതിനും, മരണത്തിന്റെ നിഴൽ നീങ്ങിപ്പോകുന്നതിനും, മിശിഹായുടെ സ്നേഹം നമ്മെ നിറയ്ക്കുന്നതിനും, പരിക്ഷകന്റെ സ്വരം അമർത്തപ്പെടുന്നതിനും ദൈവരാജ്യം നമ്മുടെ പക്കലേക്കു വരുന്നതിനും, നരകവാതിലുകൾ അടയ്ക്കപ്പെടുന്നതിനുമായി നമ്മുടെ ആത്മാവിന്റെ വാതിലുകളെ നമുക്കു തുറക്കാം. കുറെ കഴിഞ്ഞു പുസ്തകം അടച്ചതിന്റെ ശേഷം വായിച്ച സംഗതികളെപ്പറ്റി വിചാരിക്കുകയും, നിങ്ങളുടെ ആത്മാവും മിശിഹായും തമ്മിലുള്ള സംഭാഷണം കേൾക്കുകയും ചെയ്യുവിൻ. ചിലപ്പോൾ ഇപ്രകാരം നാം ഗ്രഹിക്കുന്ന ഒരൊറ്റവാക്കു് ഒരു മിന്നൽപോലെ നമ്മുടെ ആത്മാവുകളെ പ്രകാശിപ്പിക്കും. ഇപ്രകാരം ഒരൊറ്റവാക്യം ചിലപ്പോൾ തണ്യജീവിതം നയിച്ചിരുന്നവരെ ദൈവമക്കളാക്കിത്തീർത്തിട്ടുള്ളതായി പുണ്യവാന്മാരുടെ ജീവചരിത്രങ്ങളിൽ നാം വായിക്കുന്നു. വായന കഴിഞ്ഞതിന്റെ ശേഷം നമുക്കു് ഇപ്രകാരം പ്രാർത്ഥിക്കാം. "കർത്താവെ, എന്നെ അനുഗ്രഹിച്ചു് സത്യമായ മുന്തിരിച്ചെടിയുടെ ശിഖരത്തെ കൂടുതൽ അഗാധമായി എന്റെ ഹൃദയത്തിൽ നടേണമേ" ഒരു ഖനി വേലക്കാരൻ തന്റെ വേലയ്ക്കു വെളിച്ചം കാണുന്നതിനായി ഒരു റാന്തൽ കൊണ്ടുനടക്കുന്നതുപോലെ നമ്മുടെ അനുദിന വേലകളിൽ മാർഗ്ഗദർശനത്തിനായി സുവിശേഷത്തിൽനിന്നും നമുക്കു് ഒരു മുദ്രാവാക്യം എടുക്കാം.

സുവിശേഷം നമുക്കു് ഒരു ജീവന്റെ പുസ്തകമാകുന്നു. "ഞാൻനിങ്ങളോടു പറഞ്ഞ വാക്കുകൾ നിങ്ങൾക്കു് അരൂപിയും ജീവനുമാകുന്നു" എന്നു കർത്താവു പറയുന്നു. (യോ, ന്നു, നുഴ) "ഞാൻ ജീവിക്കുന്നതുപോലെ നിങ്ങളും ജീവിക്കും" (യോ. ഫഴ, ഫൻ) ദൈവവചനം കേൾക്കുകയും അതിനെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു. (ലൂ, ഫ.ഫ. ഡഡ) പുളിരസം മാവിൽമുഴുവനും എപ്രകാരം കലരുന്നുവോ അതുപോലെ സുവിശേഷം നമ്മുടെ ജീവിതം മുഴുവനിലും പ്രവേശിക്കുകയും മിശിഹായുടെ ഛായ അനുസരിച്ചു് അതിനെ രൂപീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നുണ്ടോ എന്നുള്ളതിൽനിന്നാണു നാം സുവിശേഷം വേണ്ടവിധത്തിൽ വായിക്കുന്നുണ്ടോ എന്നു് അറിയേണ്ടതു്. മിശിഹാവഴിയാണെങ്കിൽ നാം തന്റെ പിന്നാലെ നടക്കണം. എല്ലാവ്യതിചലനവും അബദ്ധമാകുന്നു. താൻ സത്യമാണെ

ങ്കിൽ നാം തന്നിൽ വിശ്വസിക്കണം. എല്ലാ വിഷമാവസ്ഥയും എടുത്തുമാറ്റുന്നു. താൻ ജീവനാകുന്നുവെങ്കിൽ നാം തന്നിൽ ജീവിക്കണം. എല്ലാ വേർപാടും മരണമാകുന്നു. "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നിൽകൂടിയല്ലാതെ യാതൊരുത്തനും പിതാവിൻ പക്കലേക്കു വരുന്നില്ല." (യോ. ഛ൧, ൬)

അന്തർഭൗമറോമ്മ.

(റവ ഫാ. സിറിയക്ക് കാപ്പിൽ വി. എച്ച്. ഡി.)

ആ സന്യാസിയെ പിന്തുടരുന്നതാണുത്തമം. അദ്ദേഹം ഓരോഭാഗത്തിന്റെയും വിശേഷങ്ങളും ചിത്രങ്ങളുടെ വ്യത്യാസങ്ങളും വേണ്ടവിധം പറഞ്ഞു തരാതിരിക്കയില്ല. ചില സ്ഥലങ്ങളിൽ എത്തുമ്പോൾ ചില വിസ്മയമുള്ള മുറികളും ജനക്കൂട്ടവും, രാവിലെയാണെങ്കിൽ വൈദികർ ബലി സമർപ്പിക്കുന്നതും മറ്റും കണ്ടെന്നുവരാം. വേദസാക്ഷികളുടെ കബറിടങ്ങളിൽ ദിവ്യപൂജ അനുഷ്ഠിക്കുന്നതിനായിമാത്രം അന്തർഭൗമറോമ്മയിൽ പോകുന്ന വൈദികരുടെ ധാരാളമുണ്ട്. അവിടെ കുർബാന ചൊല്ലുന്നതിനു കപ്പേളകൾ പലതുണ്ട്. ഇതെഴുതുന്ന ആൾതന്നെ പലപ്രാവശ്യം പൂജാർപ്പണമെന്ന ഏകലക്ഷ്യത്തോടുകൂടി അന്തർഭൗമറോമ്മയിൽ പോയിട്ടുണ്ട്.

ചിലപ്പോൾ ആ വൈദികവഴികാട്ടി "ഇവിടെവെച്ചാണു കലിസ്സൂസ് പാപ്പായെ വധിച്ചത്, അവിടെയാണ് വി. ചിച്ചിലിയായുടെ കബറിടം, അതാണ് ഒരു വേദസാക്ഷിയുടെ തിരുശരീരം" എന്നിങ്ങനെയും, "ഈ പടം ക്രാന്തറാണ്ടിലേതാണ്, അതു വി. കുർബാനയെ സ്വീകരിക്കുന്നു" എന്നിങ്ങനെയും പറയുന്നതു കേൾക്കാം. അപ്പോഴാണ് അന്തർഭൗമറോമ്മയുടെ മഹത്വം മനസ്സിലാകുന്നതു!! അപ്പോഴാണ് പരിശുദ്ധസ്ഥലത്തുകൂടിയാണു നാം സഞ്ചരിക്കുന്നതെന്നു വെളിപ്പെടുന്നതു!! അപ്പോഴാണ് വേദസാക്ഷികളുടെ നിണമണിഞ്ഞ മണലാണതെന്നു നാം ഗ്രഹിക്കുന്നതും!!

ഏതെങ്കിലും ഇപ്രകാരം നടന്നു തുടങ്ങിയാൽ ഒരു ദിവസംമുഴുവൻ നടന്നാലും തീരാത്തവണ്ണം അന്തർഭൗമറോമ്മ അത്ര വിപുലമാണ്. അവിടെ വാഹനങ്ങളൊന്നുമില്ലാത്തതിനാലും ഇടവഴികൾ അത്ര സുഖകരമല്ലാത്തതിനാലും ഒന്നായിട്ടൊരുത്തരും എല്ലാം കണ്ടു എന്നും വരികയില്ല.

ഇരുപതിലധികം സ്ഥലങ്ങളിലായിട്ടാണ് അന്തർഭൗമറോമ്മാ സ്ഥിതിചെയ്യുന്നതെങ്കിലും അവയെ തമ്മിൽ യോജിപ്പിക്കുന്ന വഴികൾ പ്രതിദിനം എന്നപോലെ കണ്ടുപിടിക്കുന്നു. പത്തും പന്ത്രണ്ടും മൈൽ ദൂരമുള്ള തുരങ്കങ്ങൾ—ഇടവഴികൾ—ധാരാളങ്ങളാണ്. ഒരു ശൈശവത്തിൽ ഈ ഇടവഴികൾ വയ്ക്കുന്നെങ്കിൽ നൂറിരുപതിലധികം മൈൽ ദൂരമുണ്ടാകുമെന്ന് ഒരു പൌരാണികശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നു. അതായത് ഇറലിയുടെ ഓരറ്റംമുതൽ മറ്റേ അറ്റംവരെ എത്തുന്ന ദൂരം അന്തർഭൗമറോമ്മായിലെ ഒരുമൈൽ ചതുരശ്രത്തിലുണ്ട്.

ഇനി അതിന്റെ ഉത്ഭവത്തെപ്പറ്റി പറയാം. പട്ടണത്തിനകത്തു പ്രേതം മറവുചെയ്യാൻ പാടില്ല എന്നു റോമ്മൻ നിയമമായിരുന്നതിനാൽ ആദിമക്രിസ്ത്യാനികൾ അവരുടെ മരിച്ചവരെ അടക്കുന്നതിനു പട്ടണത്തിനു പുറത്തു ശ്മശാനസ്ഥലങ്ങളുണ്ടാക്കി. കാലക്രമത്തിൽ സ്ഥലം തികയാതെ വന്നപ്പോൾ അവശ്യംപോലെ ഭൂമിക്കടിയിലേക്കും കുഴിച്ചു തുടങ്ങി. അങ്ങനെ കുഴിച്ചു ചെറിയ തുരങ്കങ്ങളുണ്ടാക്കി. മൂന്നാലും പ്രേതങ്ങൾ നിരത്തിവയ്ക്കത്തക്കവണ്ണമുള്ള കല്ലറകൾ നിർമ്മിക്കാൻ തുടങ്ങി. ഈ കാലഘട്ടത്തിൽ വേദതെരുക്കവുമാരംഭിച്ചു. അതു ഏകദേശം മൂന്നൂറാറാണ്ടുകളോളം നീണ്ടുനിന്നു.

വേദതെരുക്കകാലത്തു ക്രിസ്ത്യാനികൾക്കു പാസ്യാരാധനസ്ഥലങ്ങളില്ലായിരുന്നു. ഏതൻമൂലം അവർ അവരുടെ പ്രേതാലയങ്ങളെ ശരണീകരിക്കേണ്ടിവന്നു. ഇപ്രകാരം സെമിത്തേരിക്കു താത്ത്വയും വിസ്താരവും കൂടുതലുണ്ടാക്കി അവർ പ്രാർത്ഥനാലയമായുപയോഗിച്ചു തുടങ്ങി. വേദതെരുക്കത്തിൽ കൊല്ലപ്പെട്ട വേദസാക്ഷികളുടെ ശരീരങ്ങളും അതിൽത്തന്നെ സംസ്കരിച്ചു. മാത്രമല്ല പ്രാർത്ഥിച്ചുകൊണ്ടും പൂജ അർപ്പിച്ചുകൊണ്ടും നിൽക്കുമ്പോൾ പ്രേതാലയത്തിൽവച്ചു വധിക്കപ്പെട്ടിട്ടുള്ളവരുടേയും സംഖ്യ ഒട്ടും കുറവല്ല.

നാലാംനൂറ്റാണ്ടിൽ മഹാനായ കോൺസ്റ്റന്റൈൻ ചക്രവർത്തി സഭയ്ക്കു സ്വാതന്ത്ര്യം നൽകിയതുവരെ ക്രിസ്ത്യാനികൾ പ്രേതാലയങ്ങ

ൽതന്നെ പ്രാർത്ഥനാലയമായി ഉപയോഗിച്ചുവന്നു. എന്നാൽ സഭ സ്വതന്ത്രയായപ്പോൾ ഈ ഭൂഗർഭാലയങ്ങൾ തിരുസ്ഥലങ്ങളായി എണ്ണപ്പെടുകയും തീർത്ഥയാത്രക്കാർ പല സ്ഥലങ്ങളിൽനിന്നും സന്ദർശനാർത്ഥം അവിടെ വരികയുമുണ്ടായിട്ടുണ്ട്. "വാൻഡൽസ്, ഗോത്ത്സ്" ആദിയായവരുടെ ആക്രമണകാലത്തു് അവരിൽനിന്നു പ്രേതാലയങ്ങളെസംരക്ഷിക്കുന്നതിനായി അവയിലേക്കുള്ള പ്രവേശനദ്വാരങ്ങൾ അടയ്ക്കപ്പെട്ടു. അങ്ങിനെ കുറേക്കാലം കിടന്നതിനോടെ പ്രേതാലയങ്ങളുടെ കാര്യം മറന്നുപോയതുപോലെ തോന്നുന്നു.

എന്നാൽ ക്രിസ്തുവർഷം ൧൫൬൦ മേയ് മാസം ൨൭-ാംനു- കുറെ ക്രൂലിക്കാർ റോമാപുരിക്കു പുറത്തുള്ള ഒരു കുന്നിൽ കിളച്ചുകൊണ്ടു നിൽക്കെ അവർ കിളച്ച ഭാഗം ഇടിഞ്ഞു താഴുകയും അവിടെ ഒരു വാതൽ പ്രത്യക്ഷപ്പെടുകയുമുണ്ടായി. ഇതാണു് അന്തർഭൂമറോമയുടെ പുനർജന്മദിനം എന്നു പറയാം. ഈ വാർത്തകേട്ടു റോമിൽനിന്നു് ഒരു വലിയ ജനക്കൂട്ടം ഇടിഞ്ഞ സ്ഥലത്തെത്തുകയും ബോയസി എന്ന ഒരാൾ അതെന്താണെന്നു ശരിയായി അറിയുന്നതിനു ശ്രമിക്കുകയും അതുമൂലം ഇരുപതിലധികം പ്രേതാലയങ്ങൾ അയാൾ കണ്ടുപിടിക്കുകയും ചെയ്തു. ഇതിനാൽ "പ്രേതാലയങ്ങളുടെ കൊളമ്പസ്" എന്ന അപരനാമത്തിൽ ഇന്നും അദ്ദേഹം അറിയപ്പെടുന്നു.

അദ്ദേഹം ഒരിക്കൽ പ്രേതാലയം കണ്ടുപിടിക്കുന്നതിനായി പുറപ്പെട്ട ഭൂമിക്കുടിയിലുള്ള ഒരു ഇടവഴിയിൽക്കൂടി സഞ്ചരിക്കുമ്പോൾ കൈവശമുണ്ടായിരുന്ന വിളക്കണഞ്ഞു പോയതിനാൽ തിരിച്ചു പോരുന്നതിനു വഴി നിശ്ചയമില്ലാതെ കഷ്ടപ്പെട്ടതായും അപ്പോൾ വേദസാക്ഷികളെ അടക്കിയിരിക്കുന്നിടത്തു പാപിയായ തന്നെയും അടക്കേണ്ടതായി വരുമെല്ലാ എന്നു വിചാരിച്ചു വ്യസനിച്ചതായും ഒരു ചരിത്രസംഭവമുണ്ടു്.

ബൊയസിക്കുശേഷം ഡെറോസിയാണു് അന്തർഭൂമറോമയുടെ ഉദ്ധാരണത്തിനായി അധികം ശ്രമിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ശ്രമംമൂലം കത്തോലിക്കവിശ്വാസസ്ഥാപനാർത്ഥം പല ചരിത്രലക്ഷ്യങ്ങൾ കണ്ടുപിടിക്കുന്നതിനു സാധിച്ചു. ഇന്നും അനേകായിരം തീർത്ഥാർത്ഥക്കാർ ഭൂമിക്കടിയിലുള്ള ഈ വിശുദ്ധസ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി റോമിലേക്കു പോകുന്നുണ്ടു്. അകത്തോലിക്കരായ പലരും മനസ്സുതിരിയുന്നതിനും കത്തോലിക്കരുടെ വിശ്വാസം ഉറപ്പിക്കുന്നതിനും ഈ അന്തർഭൂമറോമാ വളരെ സഹായിച്ചിട്ടുണ്ടു്; സഹാ

യിക്കുന്നുമുണ്ട്. ആ ആദിമക്രിസ്ത്യാനികളുടെ വിശ്വാസദാർഢ്യത്തിൽ അതിശയിക്കാതെയും തന്റെ വിശ്വാസം വർദ്ധിക്കാതെയും ഒരു കത്തോലിക്കനും ഈ അന്തർഭൗമ റോമയിൽനിന്നു മടങ്ങുകയില്ല, നിശ്ചയം.

പ്രം. ഡീസ്ക്കോസ്. മൂന്നാം സഭയും. യുവജന സമാജങ്ങളും.

(റവ. ഫാദർ മാത്യു, ആലക്കളം.)
(മൂന്നാം സഭയുടെ സുപ്പീരിയർ)

മിക്കവാറും ഈ നാട്ടിലെ എല്ലാ എടവകകളിലും കാണാവുന്ന രണ്ടു കത്തോലിക്കാ സ്ഥാപനങ്ങളാണ് മൂന്നാം സഭയും യുവജന സമാജവും. ഇവ രണ്ടിന്റെയും ഉദ്ദേശ്യങ്ങൾ തമ്മിൽ വളരെ സാമ്യമുണ്ട്. വ്യക്തിപരവും സാമുദായികവും രാഷ്ട്രീയവും ആയ ഉല്കൃഷ്ടതിനായിട്ടാണ് യുവജന സമാജങ്ങൾ ശ്രമിക്കുന്നത്. ക്രൂദാശകളുടെ സ്വീകരണം, മതാചാരങ്ങളുടെയും സഭാനിയമങ്ങളുടെയും കൃത്യമായ അനുഷ്ഠാനം എന്നീ മാർഗ്ഗങ്ങളിൽ കൂടി ഓരോ വ്യക്തിയിലും—മദ്യപാനം, ദുർവ്യവഹാരം, വസ്ത്രാഭരണഭ്രമം മുതലായ ദുഷ്യങ്ങൾ മാറ്റി സാധുസംരക്ഷണം, രോഗ ശുശ്രൂഷ, ലഘുലേഖാ വിതരണം, വേദോപദേശം, സമാധാനപാലനം, ഐക്യം ഇത്യാദി ഗുണങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് സമുദായത്തെ സംസ്ക്കരിച്ച് സംഘടിപ്പിച്ചുശക്തി, ഈ ഐക്യശക്തിയെ കൃഷി, വ്യവസായം, രാജ്യഭരണം മുതലായ പൊതു വിഷയങ്ങളിലേക്കു തിരിച്ച്, കത്തോലിക്ക് ചൈതന്യവും വളർച്ചയും ഇവയ്ക്കു നൽകുകയാണ് യുവജന സമാജങ്ങളുടെ ഏകോദ്ദേശ്യമെന്നു പറയാം. പ്രം. മൂ. സഭയുടെ ഒരുകൊട്ട ഉദ്ദേശ്യം ആലോചിച്ചാൽ അവയും മേല്പറഞ്ഞവയിൽനിന്നും ഒട്ടും തന്നെ വിഭിന്നങ്ങളല്ലെന്നു കണ്ടുവരുന്നതാണ്. തല്കാലം സഭക്കാർ വായനശാലകൾ തുറക്കയൊ, സമുദായം രാഷ്ട്രം എന്നവമ്പിച്ച കാര്യങ്ങളിൽ പരിലസിക്കയൊ ചെയ്യുന്നില്ലെങ്കിലും ഇക്കൂട്ടരിൽ പലരുംതന്നെ വായനശാലാംഗങ്ങളും പൊതുക്കാര്യപ്രസക്തരുമാണ്. പ്രതിമാസം യോഗങ്ങൾ നടത്തുകയും, യുവജന സമാജങ്ങൾ പ്രയോഗിക്കുന്ന ഉല്കൃഷ്ടി മാർഗ്ഗ

ങ്ങളെ തന്നെ അവലംബിച്ചു് ഇവരും ഏറെക്കുറെ പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ടു്.

എന്നാൽ ഈ രണ്ടു സംഘങ്ങളുടേയും ഇപ്പോഴത്തെ അവസ്ഥ ഒട്ടും ആശാസ്യമല്ലെന്നു് ഒരു ചിന്തകനു് എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും ഓരോന്നും അതാതിന്റെ വഴിക്കു് സോത്സാഹം പ്രവർത്തിക്കുന്നുണ്ടു്. എന്നാൽ അത്യാവശ്യമായ ചില ഘടകങ്ങൾ ഇതുവരെ രണ്ടിനും ഉണ്ടായിട്ടില്ലാത്തതുകൊണ്ടു് ഒന്നിന്റെയും ഉദ്ദേശ്യം മുഴുവനായി സാധിക്കുന്നില്ലെന്നു പറയേണം പറവാൻ. പല സ്ഥലങ്ങളിലും സമാജത്തിന്റെ ആരംഭവും അവസാനവും അടുത്തടുത്തുതന്നെ നടക്കുന്നു. സമാജത്തിന്റെ ജനയിതാവും സംരക്ഷകനും മിക്കവാറും എടവകയിലെ വികാരിയച്ചനായിരിക്കും. അദ്ദേഹം സ്ഥലം മാറുമ്പോൾ സമാജത്തിന്റെ നിലയും മാറുന്നു. പൊതുവായ് ഒരു മേലന്വേഷകനുണ്ടായിരുന്നുവെങ്കിൽ സമാജങ്ങളെല്ലാം നിലവിൽ നിന്നു പ്രവർത്തിച്ചു പോന്നേനെ. എന്നാൽ ഈ വിഷയത്തിൽ പ്രൊ' മൂ. സഭയുടെ സമിതിക്കു് തെല്ലു ഭേദമുണ്ടു്. അവരുടെ മേൽനോട്ടത്തിനു പൊതുവായി ഒരാൾ ഉള്ളതുകൊണ്ടു് സഭക്കൂട്ടം ഒരു സ്ഥലത്തുനിന്നു ആരംഭിച്ചാൽ അവിടെ നീത്തു നാമാവശേഷമാകുന്നില്ല. മാത്രമല്ല, സഭാംഗങ്ങളുടെ എണ്ണം വർദ്ധിച്ചും ഓരോ എടവകകളിൽ പുതിയ ശാഖകൾ തുറന്നും വരുന്നു. എങ്കിലും അവരിൽ മുക്കാലേ അരയ്ക്കാൽ ഭാഗം അമ്മമാരും പ്രായം കടന്നവരാകയാൽ പള്ളി, വീട്, നമസ്കാരം, ക്രമാശ എന്നൊക്കെക്കൊണ്ടു തൃപ്തിപ്പെടാനല്ലാതെ സഭാനിയമപ്രകാരമുള്ള വേദപ്രചാര വിഷയങ്ങളിലും പൊതുക്കാര്യങ്ങളിലും അധികം പ്രവേശിപ്പാൻ ഇവർക്കു് ഉത്സാഹമോ ശേഷിയോ ഇല്ല. ഇങ്ങനെ യുവജന സമാജ സുമങ്ങൾ അകാലത്തു് വാടിപ്പൊഴിഞ്ഞും, മൂന്നാം സഭാതരുക്കൾ നിഷ്ഫലശാഖയായി ക്ഷയിച്ചു് ഫലശൂന്യങ്ങളുമായി പരിണമിക്കുന്നു എന്നുള്ളതാണു് ഇപ്പോഴത്തെ അനുഭവം.

എന്നാൽ ഈ രണ്ടു സംഘക്കാരും കൂടി യോജിക്കുന്ന പക്ഷം ഓരോ ഭാഗത്തേയും ന്യൂനത മറുഭാഗത്തുനിന്നും പരിഹരിക്കപ്പെടാവുന്നതും തന്മൂലം വല്ല ഫലം ആശിക്കാനിടയുള്ളതുമാണു്. സമുദായത്തിലെ മുപ്പന്മാരായ മൂന്നാം സഭക്കാരുമായുള്ള സമ്മേളനത്തിൽ നിന്നു യുവാക്കന്മാർക്കു് പക്വതയും ജനസമ്മതിയും പ്രൗഢസാഹചര്യവും സിദ്ധിക്കുന്നു. സഭയ്ക്കു് എപ്പോഴും ഒരു സുപ്രീമിയർ ഉണ്ടായിരിക്കുന്നിമിത്തം സംഘത്തിന്റെ നിലനിൽപ്പും പരിരക്ഷപ്പെടുന്നു. പ്രൗഢവയസ്കരായ സഭാംഗങ്ങൾ സുലഭമാകുമ്പോൾ മൂന്നാം സഭക്കാരും യുവജനങ്ങളും

നസമാജക്കാരും ഒരുപോലെ അഗ്രഹിക്കുന്ന ദിനരക്ഷ, ലഘുലേഖാവിതരണം ആദിയായ വേദപ്രചാരകൃത്യങ്ങളും പൊതുകൃത്യങ്ങളും മുറയ്ക്കു നിർവഹിക്കപ്പെട്ടുകയും ചെയ്യും. വായനശാല മുതലായ ചില സംഗതികളിൽ മുച്ചൂമായി യുവാക്കന്മാർമാത്രം അംഗങ്ങളായിരുന്നാൽ മതിയാവുന്നതും, അവരുടെ എല്ലാപ്രസ്ഥാനങ്ങളിലും സഹോദരാംഗങ്ങളുടെ സഹകരണം അവക്കു ലഭിക്കുന്നതുമാണ്.

അതിനാൽ യുവജനസമാജക്കാരുടേയും മാതൃമാതാ ദാസസംഘക്കാരുടേയും പ്രം. മൂന്നാംസഭക്കാരുടേയും മറ്റും ഉദ്ദേശ്യങ്ങൾ മിക്കവാറും ഒന്നുതന്നെ ആയിരിക്കുകൊണ്ട്, കഴിയുന്നത്ര ഐക്യവും ശക്തിയും ഫലവും ഉളവാകുവാൻവേണ്ടി നമ്മുടെ യുവജനങ്ങൾക്കുടി വി. പ്രം. മൂന്നാംസഭാംഗങ്ങളായി തീരുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. പ്രസ്തുത സംഘങ്ങളുടെയെല്ലാം സ്ഥലത്തെ ഡയറക്ടർ ബ. വികാരിയച്ചൻതന്നെ ആയിരിക്കുവുള്ളതുകൊണ്ട്, സംഘടന പ്രായോഗികവും എളുപ്പവുമാണ്. ചെറുപ്രായക്കാർ സാധാരണയായി മൂന്നാംസഭയിൽ ചേരാറില്ലെന്നുള്ളതു ഈ നാട്ടിലെ ഒരു പ്രത്യേകതയാണ്. വിദേശങ്ങളിലെ അനുഭവം അന്നും ഇന്നും മറിച്ചായിരിക്കുന്നു. പ്രായത്തിലും സ്ഥിതിയിലും വ്യത്യാസപ്പെട്ട സമുദായാംഗങ്ങളുടെ സംയുക്തശ്രമം മാതൃമാണ് ഏതുകാലത്തും സ്ഥലത്തും സ്ഥായിയായ ഏതു നന്മയും ഉൽഭൂതമാകുന്നതിനുള്ള മാർഗ്ഗം. യുവജനസമാജങ്ങൾക്കും തദധികൃതന്മാർക്കും ഇതേപ്പറ്റിയുള്ള അഭിപ്രായമെന്തെന്നു നേരിട്ടറിയിച്ചു തരുന്നതു വളരെ സന്തോഷമായിരിക്കും.

ക്രിസ്തീയ വേദോപദേശ സംക്ഷേപം.

വിൽപാൻതയാർ വിലക്കുറവ്

നല്ലമേനിക്കടലാസിൽ സന്ദർഭോചിതമായ പടങ്ങളോടുകൂടി തയ്യാറാക്കപ്പെട്ട ക്രിസ്തീയ വേദോപദേശം ഒന്നും, രണ്ടും, മൂന്നും, ഭാഗങ്ങളും, കൂടാതെ പരിശുദ്ധിച്ചു തയ്യാറാക്കിയ "ധ്യാനകുലപ്രസംഗം" "ആരാധനസഖ്യത" "പതിനെട്ടുപക്ഷം ഇടവകയും ക്രിസ്തുവും" പ്രസിദ്ധഗായകകവികളുടെ കീർത്തനങ്ങളടങ്ങിയ "സംഗീതകുസുമം" എന്നിവപുസ്തകങ്ങളും വിൽപാൻ തയ്യാറായിരിക്കുന്നു.

ആവശ്യക്കാർ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

മാനേജർ, റവ. കെ. സെബാസ്റ്റ്യൻ
സെൻറ് സെബാസ്റ്റ്യൻസ് ബുക്കുഡിപ്പോ, ചങ്ങനാശേരി

വിശുദ്ധ
സെബസ്ത്യാനോസ്.

(പ്രവിഞ്ഞാനം പി. എം. ദേവസ്യാ.)

(അന്നനട)

നിഗമവെൺമുകിൽപ്പുരപ്പിനെഗ്ഘോര-
ദുരിത മാരുതൻ പരം തുരത്തവേ
ഗുണങ്ങളംനീങ്ങി ദുർഗ്ഗുണങ്ങളെങ്ങുമേ
പരന്ന പാവന സ്ഥിതി നശിക്കവേ, 2
പരാദ്ഭുമാം മത രാഹസ്യമാരുമേ
ശരിക്കറിഞ്ഞനുസരിച്ചിടായ്കവേ, 3
പരം ദുഷ്ടിമത പ്രചാരക കുട്ട-
കൂടകഥനിമുഴങ്ങിനിൽക്കവേ, 4
അതിന്റെരീതിയുംനിരർത്ഥകതവും
വിശുദ്ധരിൽബാഷ്പധാരയുതിക്കവേ, 5
അനന്തസൌഭാഗ്യമനുസ്മരിച്ചിടാ-
തനന്തതൻസുഖംജനംതിരക്കവേ, 6
നിരന്തരംസത്യമതമഹിമയ്ക്ക
നിരന്തദുസ്ഥിതിഭവിച്ചിരിക്കവേ, 7
പുറത്തിറങ്ങാതെ പുരോഹിതർ, മല-
മറവിലുംമറവും മറഞ്ഞിരിക്കവേ, 8
മരണമാരണ മഹാരണാഹ്വാന-
സ്മരണ സിദ്ധരെ ത്വരപ്പെടുത്തവേ, 9
മതവിധികളെവെടിഞ്ഞിടാനുമോ
മൃതിയപഭയം വരിക്കുവാനുമോ, 10
മനസ്സെഴാതഹോഗ്രഹാതലങ്ങളിൽ
ജനങ്ങളൊത്തുചെന്നാളിച്ചിരിക്കവേ, 11

കളങ്കപൂർണ്ണമാമരുപിതൻ പട്ട-
വിളയാട്ടത്തിനാൽ വിഷമമാം വിധം 12
ദുഷിച്ചഹോ രോമിന്നിയന്നൊരംബരം
വിഷവിസ്രാവത്തേ തുടർന്നുനിൽക്കവേ, 13
മുമുക്ഷുവായ് മുദാമതമഹിമയേ-
സമുദ്ധരിക്കുവാനുറച്ചു, ധീരനായ് 14
അതുലമാംമാനമിയന്നതൻസ്ഥാന-
സ്ഥിതികളെക്ഷണം വെടിഞ്ഞു, ഭക്തനായ് 15
ധരാതലസുഖനിരകളാകവേ
പരിത്യജിച്ചു,സഞ്ചരിച്ചു,വേണ്ടപോൽ, 16
ജനതതിക്കാത്മവിഭ്രുതിമാർഗ്ഗവും
മരണത്തെയ്യുവുമരുളിമേൽക്കുമേൽ, 17
പരമസത്യത്തിൻ പരിരക്ഷാർത്ഥമായ്
പരം പരിശുദ്ധ നിഗമസാക്ഷിയായ്, 18
പുരുഭയങ്കരതരമൃതിസ്വയം
വരിച്ചുദിവ്യനായിട്ടും "സെബാസ്ത്യാനോസ" 19
വരിഷ്ഠയാം നേർബോൺനഗരിതൻ മഹാ-
വിജയവൈജയന്തിയായി ലസിച്ചിട്ടും 20
മഹാമഹസ്സെഴുന്നൊരാവിശുദ്ധന്റെ
മഹാർഹമാദ്ധ്യസ്ഥംമഹത്പദായകം 21
നിനയ്ക്കുകന്നാത്മവസന്തസുനശ്രീ
ഭരംവേദശാഖീതതികളിൽച്ചെന്നു 22
സരസംപാടിയപികധ്വനിയിന്നും-
നരക്കു ശാന്തിയെവരുത്തുന്നവൃത്തിൽ 23
വിഹിതവിസ്രംഭവിഭാകരൻ തന്റെ-
വിഭാവിഭവത്താൽവിസ്രുഷ്ടമായ് പുരാ 24
വിലസിയദിവ്യമണിപ്രഭാപൂരം
വിജയധോരണിവിളക്കിടട്ടെമേൽ! 25

കത്തോലിക്ക് സാഹിത്യം.

(വർത്തമാനപത്രാധിപർ)

സംഗീതകുസുമം.

പ്രസാധകൻ മി. ടി.കെ.സിബാസ്റ്റ്യൻ, വി. പി.ബസ്സാർ ചങ്ങനാശ്ശേരി.

ക്രിസ്ത്യാനികളുടെ ഇടയിൽ പാട്ടുപുസ്തകങ്ങൾ ധാരാളമുണ്ടെന്നിരുന്നാലും, സാഹിത്യരസസംപൂർണ്ണമായ ഗാനകൃതികൾ തുലോം കുറവാണെന്നുള്ളതു് വളരെ പരിതാപകരമായ ഒരു വസ്തുതയാണു്. സംഗീതം വാസനാപ്രധാനവും സാഹിത്യം പാരിശീലനപരവുമാകയാൽ പരിശ്രമശീലന്മാരായ വാസനാകവികൾക്കു മാത്രമേ സംഗീത ഗ്രന്ഥങ്ങൾ ചമച്ചു പൊതുജന സേവനം ചെയ്യുന്നതിനു സാധിക്കയുള്ളൂ. അതുകയാൽ സംഗീത നിർമ്മാതാക്കളാകുവാൻ ഉദ്യമിക്കുന്നവർ സംഗീതത്തിൽ അടിസ്ഥാനമുള്ള സാഹിത്യകുശലന്മാരായിരിക്കേണ്ടതാണു്. പരേതനായ ദിവ്യശ്രീ നിധീരിക്കൽ മാണിക്കത്തനാരവർകളുടെ ചില ഗാനങ്ങൾക്കുള്ള പ്രത്യേകാസ്പദത്വം ഈ തരുണത്തിൽ ഞങ്ങളുടെ ഓർമ്മയിൽ വരുന്നു. ഞങ്ങളുടെ മുൻപിലിരിക്കുന്ന സംഗീതകുസുമം എന്ന ഗ്രന്ഥവും അത്യന്തം പ്രശംസാർഹമായ ഒരു കൃതിയാണു്. കേരളീയ കത്തോലിക്ക് സാഹിത്യനായകനായ ശ്രീമാൻ കട്ടക്കയം തുടങ്ങിയുള്ള മഹാകവികളും ദിവ്യശ്രീ വടക്കയിൽ ഏബ്രഹാം കത്തനാർ ബി. എ. പി എച്ച്. ഡി. ഡി. ഡി. തുടങ്ങിയുള്ള വൈദിക ശ്രേഷ്ഠന്മാരും, ശ്രീമാന്മാരായ തെങ്ങുമ്മൂട്ടിൽ വറുഗീസുപിള്ള, പൊൻകുന്നം വി. ജെ. ജോസഫ് മുതലായ വാസനാകവികളും തങ്ങളുടെ സംഗീതസാഹിത്യ പാടവം പ്രദർശിപ്പിക്കുന്നതിനു വേണ്ടി ഈ ഗ്രന്ഥത്തിന്റെ പ്രസാധകനായ ശ്രീമാൻ ടി. കെ. സിബാസ്റ്റ്യൻ ഒരു സൌകര്യമുണ്ടാക്കിക്കൊടുത്തു് തദ്വാരാ കേരളീയ കത്തോലിക്കർക്ക് ഒരു വലിയ ഉപകാരം ചെയ്തിട്ടുള്ളതു് സാക്ഷാൽ അനുമോദനാർഹമാണു്. മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിൽ ഭംഗിയായി അച്ചടിച്ചു തയ്യാറാക്കിയിട്ടുള്ള ഈ ഗ്രന്ഥം മൂന്നണ വിലയ്ക്കു കിട്ടുന്നതാണു്.

ഗാനമഞ്ജരി (ഒന്നാം ഭാഗം)

പ്രസാധകൻ:—കെ. വി. ജോസഫ്, മഞ്ഞുമ്മേൽ.

പരിശുദ്ധ യൌസേപ്പു പിതാവിനെ സ്തുതിച്ചുള്ള നാല്പതു പാട്ടുകളാണു് ഈ ചെറുപുസ്തകത്തിൽ അടങ്ങിയിരിക്കുന്നതു്. ഗ്രന്ഥകർത്താവിനു് സംഗീതവാസന ധാരാളമുണ്ടെന്നുള്ളതു് ഗ്രന്ഥത്തിൽ നിന്നു വിശദമാ

കുന്നുണ്ടെന്നു മാത്രമല്ല, സാഹിത്യത്തിൽ കൂടുതൽ പരിശീലനം സിദ്ധിക്കുന്നതായിരുന്നാൽ അദ്ദേഹം മൂലം കേരളീയ കത്തോലിക്കർക്ക് ഗണ്യമായ സംഗീത സമ്പാദ്യമുണ്ടാകുമെന്നുള്ളതു തീർച്ചയുമാണ്. സംഗീതത്തിലും സാഹിത്യത്തിലും അത്യധികം വാസനയുള്ള പല യുവാക്കന്മാരും പ്രോത്സാഹനത്തിന്റെ അഭാവത്താൽ സമുദായത്തിനു നഷ്ടമാകാൻ ഇടയുള്ളതാണ്. അതുകൊണ്ട് ഈ ഗ്രന്ഥകാരനെ സകലരും പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. വില അണ ഒന്നുമാത്രം.

ഗാനരത്നാവലി.

ഗ്രന്ഥകർത്താ:—സി. വി വറുഗീസ്, ചാക്കോളമണ്ണിൽ മാന്നാമൽ.

ഇന്നാൾ വരെയും ഒരു നവീകരണ മതാനുസാരിയും "പ്രത്യക്ഷ പത്രക്കാർ" എന്ന ധീര നാമധേയത്തിൽ ഇന്നാട്ടിൽ പരക്കെ അറിയപ്പെട്ടിട്ടുള്ള വീര പഞ്ചകത്തിലെ ഒരംഗവുമായ ശ്രീമാൻ ചാക്കോളമണ്ണിൽ വറുഗീസ്, കത്തോലിക്കരുടെ ഇടയിലുള്ള സംഗീത ഗ്രന്ഥങ്ങളുടെവൈരള്യത്തെ യഥാശക്തി പരിഹരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി രചിച്ചതാണ് "ഗാനരത്നാവലി" എന്ന ഈ ചെറുകൃതി. വനജാക്ഷി, പോയേ കേരളത്തായേ, ഭാരതമാതാപൊറ, നാദബിന്ദുകലാദി ഇത്യാദി ഇപ്പോൾ സർവ്വത്ര പ്രചാരത്തിൽ കാണുന്ന സ്വദേശിഗാനങ്ങളുടെ മട്ടിലാണ് ഭൂരി സംഗീതങ്ങളും രചിച്ചിട്ടുള്ളതു്. കേരളീയ കത്തോലിക്കർ സംഗീത രസികന്മാർ മി. വറുഗീസിന്റെ പുസ്തകത്തിനു് യഥാർഹം പ്രോത്സാഹനം നൽകുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു. വില ചക്രം ൫ മാത്രം.

തിരുശിരസ്സിനോടുള്ള ഭക്തി.

ഗ്രന്ഥകർത്താ:—റവ. തോമസ്സ് കളം, കുന്നാശേരി.

ദൈവിക ജ്ഞാനത്തിന്റെ ഇരിപ്പിടമായ തിരുശിരസ്സിനോടുള്ള ഭക്തി എന്ന ഈ ചെറു പുസ്തകം ഒരു ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ മലയാള വിവർത്തനമാണ്. നമ്മുടെ ഇടയിൽ ഭക്തിസംവർദ്ധകമായ അനവധി പുസ്തകങ്ങളുണ്ടെങ്കിലും "ദൈവികജ്ഞാനത്തിന്റെ ഇരിപ്പിടമായ ഈശോയുടെ തിരുശിരസ്സിനോടുള്ള ഭക്തി"യോളം ആദ്ധ്യാത്മികോന്നതിയിലുള്ള പഠനമായി വേറെ അനേകമില്ല. അതുകൊണ്ട് യഥാർത്ഥ ഭക്തന്മാരാകാനാഗ്രഹമുള്ളവർ ഇതിനെ നിത്യം ഉപയോഗിക്കുന്നതു നന്നായിരിക്കും. ഈ ഗ്രന്ഥപ്രസിദ്ധീകരണത്തിൽ ഭഷ്യന്തരകാരനെ ഗണ്യമായ രീതിയിൽ സഹായിച്ചിട്ടുള്ള അലപ്പുഴ മലയിൽ ശ്രീമാൻ വക്കി ഔസേപ്പുവർകൾ, ഗ്രന്ഥകർത്താവിനോടൊപ്പം പ്രശംസാർഹനാണ്. പ്രസ്തുത പുസ്തകത്തിനു വില അണ രണ്ടു മാത്രം.

കത്തോലിക്ക രാജ്യങ്ങളിലെ

പ്രോട്ടസ്റ്റൻറ മതപ്രചാരണം.

ആഗസ്റ്റ് മാസത്തിലെ ജപാപ്പസ്തോല പൊതുനിയോഗം.



ഏകവും പരിശുദ്ധവും സാർവ്വത്രികവും അപ്പസ്തോലികവുമായ സാക്ഷാൽ കത്തോലിക്ക് സത്യ സഭയിൽനിന്നും വേർതിരിഞ്ഞുപോയിട്ടുള്ള സഭകളിൽ ഇപ്പോൾ ഏറ്റവും പ്രാബല്യത്തിലിരിക്കുന്ന ഒരു കൂട്ടമാണ് പ്രോട്ടസ്റ്റൻറുകാർ. ഇവരുടെ ശക്തി വർദ്ധിച്ചിരുന്ന കാലങ്ങളിൽ അവർ കത്തോലിക്കരെ അനേക വിധത്തിൽ ദ്രോഹിച്ചിരുന്നു. എന്നാൽ ഇക്കാലത്തു പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കരെ ആ വിധത്തിൽ അധികമായി ദ്രോഹിക്കുന്നില്ല. സാക്ഷാൽ ലോകരക്ഷകനായ ഈശോമിശിഹാ സ്ഥാപിച്ചിട്ടുള്ള ഏകസത്യ മതമായ കത്തോലിക്ക സഭയെ ഇപ്പോൾ പല പ്രോട്ടസ്റ്റൻറുകാരും ശരണീകരിച്ചു വരുന്നു. പരമാർത്ഥ ബുദ്ധികളും സത്യാന്വേഷികളുമായ പ്രോട്ടസ്റ്റൻറുകാർ, ധൂർത്തപുത്രന്മാരെപ്പോലെ കത്തോലിക്ക തിരുസഭയിലേക്കു തിരിച്ചു വരുന്ന കാഴ്ച, ഈ തരപ്രോട്ടസ്റ്റൻറുകാർക്കു അസഹ്യമായ വേദനയെ ഉളവാക്കിവരുന്നു. കത്തോലിക്കർ പ്രോട്ടസ്റ്റൻറുകാരെ മതപരിവർത്തനം ചെയ്യിക്കുകയാണെങ്കിൽ പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കരെയും മതഭ്രംശം

ചെയ്യിക്കണമെന്നുള്ളതാണ് അവരുടെ മോഹം. തിരുസഭയ്ക്കു പുറമെ രക്ഷയില്ലെന്നു വിശ്വസിക്കുന്ന കത്തോലിക്കർ മതപരിവർത്തന പരിശ്രമങ്ങളിൽ ഉൾപ്പെട്ടുന്നതു്, സഹോദര സ്നേഹവും മതഭക്തിയും ആത്മരക്ഷമേലുള്ള കാംക്ഷയും മൂലമാണ്. എന്നാൽ പ്രോട്ടസ്റ്റന്റുകാർ കത്തോലിക്കു് രാജ്യങ്ങളിൽ അവരുടെ മതപ്രചാരണം ചെയ്യുന്നതു്, കത്തോലിക്കു് സഭയിൽ രക്ഷയില്ലെന്നു കരുതിയിട്ടല്ല; പിന്നെയോ കത്തോലിക്കാ സഭയോടുള്ള വിരോധവും പകയും കൊണ്ടു മാത്രമാണ്. കത്തോലിക്കു് സഭാംഗങ്ങളായ നമുക്കു് ഇതു് വളരെ സങ്കടകരമായ ഒരു സംഗതിയാണെന്നു വിശേഷിച്ചു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. കർത്താവിന്റെ തൊഴുത്തിൽ വിശ്രമിക്കുന്ന വിശ്വാസികളെ വിശ്വാസിന്റെ കണിയിൽ അകപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ നിഷ്ഫലമാകുന്നതിനു വേണ്ടിയും, കത്തോലിക്കു് രാജ്യങ്ങളിലെ കത്തോലിക്കരുടെ വിശ്വാസം നാൾക്കുനാൾ സുദൃഢമായി വരുന്നതിനും ജപമാലസ്സോദര സഖ്യാംഗങ്ങൾ ഈമാസത്തിൽ പ്രാർത്ഥിപ്പാറാകണം.

കുഞ്ഞുങ്ങൾക്കു

മുല്ലപ്പൂമാല.

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങളോടു ഞാൻ ഒരു സന്തോഷവാർത്ത അറിയിക്കാം. അതു് ഈശോയുടെ ചെറുപുഷ്പമായ കൊച്ചുത്രേസ്യാ പുണ്യവതിയുടെ ജനനത്തെ സംബന്ധിച്ചാണ്. ആ ഭാഗ്യവതി ജനിച്ചതു് ഫ്രഞ്ചു- മാണ്ടു ജനുവരിമാസം രണ്ടാംതീയതിയായിരുന്നു. ഈയാണ്ടിൽ ജനിച്ചിട്ടുള്ള പല ആളുകൾ നമ്മുടെ നാട്ടിൽ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. അവരിൽ ചിലർ നിങ്ങളുടെ കുടുംബങ്ങളിൽ തന്നെയും കാണും. എന്നാൽ നമുക്കെല്ലാവർക്കും നല്ല പരിചയമുള്ള ഒരു മഹാഭക്തൻ അതേ വർഷത്തിൽ അതേമാസം ഫ്രഞ്ചു- കുട്ടനാട്ടിൽ ചമ്പക്കുളത്തു ജനിച്ചിട്ടുണ്ട്. ആ ഭക്തനാരാണെന്നു നിങ്ങൾക്കറിവുണ്ടോ? ഞാൻ പറയാം. അതു കഴിഞ്ഞ അഞ്ഞൂറാംകൊല്ലത്തിനു മുൻപു നമ്മെ ഭരിച്ചിരുന്ന കുപ്പാളശോവിൽ പിതാവാണ്.

കൊച്ചുത്രേസ്യാ ജനിച്ച ദേശമേതാണെന്നു പറയാമോ? അതു ഫ്രാൻസുരാജ്യത്തിലുള്ള ബ്രിട്ടനിയിൽ ആയിരുന്നു. ആ രാജ്യം, നമ്മു

ടെ രാജ്യംപോലെ തന്നെ മനോഹരമാണ്. അവിടവിടെ മനോഹരമായ കാട്ടുകളും, ശുദ്ധജലം നിറഞ്ഞ തോട്ടുകളും, പച്ചപ്പുല്ല് വളരുന്ന മൈതാനങ്ങളും ധാരാളമുണ്ട്. ചെറുപുഷ്പം ലോകജാതയായ ദിവസം ആ ദിക്കിൽ ധാരാളം പെൺമഞ്ഞു വർഷിക്കുകയാൽ, ആ പ്രദേശമാസകലം മുല്ലപ്പൂവിതറിയ മട്ടിൽ ശോഭിച്ചിരുന്നു. ഇതു സാക്ഷാൽ ചെറുപുഷ്പത്തിന്റെ പരിശുദ്ധഹൃദയത്തിന്റെ ഒരു സാമ്യമല്ലായിരുന്നോ?

കൊച്ചുത്രേസ്യായുടെ മാതാപിതാക്കന്മാർ വളരെ ഭക്തരായിരുന്നു. അവർക്ക് ആകെ ഒൻപതു സന്താനങ്ങളുണ്ടായിരുന്നതിൽ നാലു പെൺകുട്ടികൾ മാത്രമെ ജീവിച്ചിരുന്നുള്ളു. ബാക്കി നാലുപേരും ചെറുപ്പത്തിലേ മരിച്ചുപോയി. കൊച്ചുത്രേസ്യായുടെ ജനനസമയത്തു നാലുസഹോദരിമാരും ഉറക്കമായിരുന്നു. മൂത്ത രണ്ടു പെൺകുട്ടികളെ പിതാവു വിളിച്ചുണർത്തി വിവരം പറഞ്ഞു. മറ്റുള്ളവരെ വിളിച്ചുണർത്തിയാൽ അവർ സന്തോഷത്താൽ എന്തുചെയ്യുമെന്നറിയാഞ്ഞതിനാൽ പിതാവു് അവരെ വിളിച്ചില്ല. പെൺകുട്ടികളുടെ പേരു്, മൂപ്പുമുറയ്ക്കു പറഞ്ഞാൽ, മേരി, പൌളിൻ, സീയോണി, സെലിൻ എന്നിങ്ങനെ ആയിരുന്നു.

മകളെ വിളിച്ചു്, കുഞ്ഞനുജത്തിയുടെ ജനനവിവരം പറഞ്ഞശേഷം പിതാവു തിരിയെ ചെന്നപ്പോൾ അമ്മ മുട്ടുകുത്തി പ്രാർത്ഥനയിൽ മുഴുകിയിരുന്നു. അവരുടെ പ്രാർത്ഥന ഇങ്ങനെ ആയിരുന്നു.—

"എന്റെ ദൈവമെ, ഈ കുഞ്ഞിനെ അങ്ങേയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു. ഇവിനെ അങ്ങു സ്വീകരിച്ചുകൊള്ളേണമെ! ഇവളുടെ ആത്മാവു പാപത്താൽ മലിനപ്പെടുന്നതിനു് അങ്ങു് അനുവദിക്കല്ലേ! അങ്ങനെ സംഭവിക്കാൻ എളുപ്പമുണ്ടെങ്കിൽ മറ്റു നാലു കുഞ്ഞുങ്ങളെ എടുത്തതുപോലെ ഈ കുഞ്ഞിനെക്കൂടി അങ്ങു് ഇപ്പോൾതന്നെ എടുത്തുകൊള്ളണമെ!"

നോക്കുമ്പോൾ സഹോദരിമാരെല്ലാരുംകൂടി കൊച്ചുത്രേസ്യായുടെ തൊട്ടിലിനു ചുറ്റും കൂടി. മേരിക്കു പന്ത്രണ്ടു വയസ്സും പൌളിനു പത്തു വയസ്സും സീയോണിക്കു വയസ്സും സെലിനു് നാലു വയസ്സും പ്രായമുണ്ടായിരുന്നു. മൂത്തമൂന്നുപേരും പതുക്കെയും സാവധാനത്തിലുമാണു സംസാരിച്ചതു്. സുഖമായി കിടന്നുറങ്ങുന്ന കുഞ്ഞിനെ ഉണർത്താതിരിക്കുവാനാണു് അവർ ഇപ്രകാരം ചെയ്തതു്. അവൾക്കു കുഞ്ഞിന്റെ മുഖം കാണാൻ വലിയ പ്രയാസമില്ലായിരുന്നു. പക്ഷെ സെലിൻ പഠിച്ച പ

ണി പതിനെട്ടും കഴിച്ചു നോക്കിയിട്ടും കുഞ്ഞനിയത്തിയെ കാണാൻ സാധിക്കാഞ്ഞതിനാൽ അടുത്തു കിടന്ന കസേരയിൽ തത്തിപ്പിടിച്ചു കയറി കുഞ്ഞിന്റെ മുഖത്തു നോക്കിനിന്നു. കുറേനേരം ഇങ്ങനെ നിന്നു കഴിഞ്ഞപ്പോൾ അവൾക്കു സന്തോഷം സഹിക്കവഹിയാതെ ഒരു കൈ കൊട്ടി പാട്ടുതുടങ്ങി. അപ്പോൾ കുഞ്ഞുണർന്നു. ഉടനെ,

മേരി—അയ്യോ അമ്മേ, കുഞ്ഞിന്റെ കണ്ണുനോക്കിക്കെ! നല്ല ആകാശത്തിന്റെ നിറം!!

പൌളീൻ—നോക്കിക്കെ അമ്മേ, അവളു ചിരിക്കുന്നതു കണ്ടോ?

സെലീൻ—(കൈകൊട്ടിക്കൊണ്ടു്) കുഞ്ഞുകൈ, കുഞ്ഞുകൈ, കുഞ്ഞുകൈ കണ്ടോ!

കുഞ്ഞിനെ അന്നുതന്നെ മാമ്മോദീസാ മുക്കണമെന്നായിരുന്നു മാതാപിതാക്കന്മാരുടെ ആഗ്രഹം. പക്ഷെ തലതൊട്ടപ്പൻ വന്നുചേരാൻ താമസിച്ചതിനാൽ രണ്ടാംദിവസം കഴിഞ്ഞിട്ടേ അതു സാധിച്ചുള്ളൂ. മൂത്തസഹോദരി മേരിതന്നെ തലതൊട്ടമ്മയായി നോട്ടർഡാം ദേവാലയത്തിൽവെച്ചു ശിശുവിനു മാമ്മോദീസാ മുക്കി. അവളുടെ പേരു മേരി ഫ്രാങ്കോയി ത്രേസ്യാ എന്നായിരുന്നു.

എന്നു നിങ്ങളുടെ സ്വന്തം അച്ചാച്ചൻ.

വാർത്താസംഗ്രഹം.

പുതിയ കർദ്ദിനാളന്മാർ—ഇക്കഴിഞ്ഞ ജൂൺമാസത്തിൽ പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു് അഞ്ചുമെത്രാന്മാരെ കർദ്ദിനാൾസ്ഥാനത്തിലേക്കുയർത്തിയിരിക്കുന്നു. ഇവരിൽ മൂന്നുപേരും റോമ്മയിലെ തിരുസംഘങ്ങളിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചുകൊണ്ടുപോരുന്ന മഹാന്മാരാണു്. നാലാമൻ ഫ്രാൻസിലെ ലിൽരൂപായുടെ മെത്രാനും അഞ്ചാമൻ തെക്കേ അമേരിക്കയിലെ ഒരു മെത്രാപ്പോലീത്തായും ആണു്.

കമ്പിയില്ലാക്കമ്പി—കമ്പിയില്ലാക്കമ്പിവഴിയായുള്ള വാർത്താവിതരണപ്രസ്ഥാനം യൂറോപ്പിൽ വളരെ അഭിവൃദ്ധി പ്രാപിച്ചുവരുന്നു. ഹോളണ്ടിൽ അക്കായ്ത്തിലേക്കു ഒരു പ്രത്യേകകത്തോലിക്കു സമാജം സ്ഥാപിച്ചിട്ടുണ്ടു്. കത്തോലിക്കു ജനങ്ങൾ ഇക്കായ്ത്തിൽ ഒരുദായ്

പൂവ്വം സഹകരിക്കേണ്ട ആവശ്യകതയെ കാണിച്ചു മെത്രാന്മാർ ഒരുപ രസ്യകല്പന അയച്ചിരിക്കുന്നു.

മാർഷൽഫോഷ് — എന്ന കത്തോലിക്കനായ ഫ്രഞ്ചു സൈന്യാധിപന്റെ പ്രതിമ ലണ്ടൻപട്ടണത്തിൽ സ്ഥാപിക്കുകയും അനാച്ഛാദനകർമ്മം വെയിൽസുരാജകുമാരൻ തിരുമനസ്സുകൊണ്ടു നിർവഹിക്കുകയും ചെയ്തിരിക്കുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് സങ്കലിതപക്ഷക്കാർ ജെർമ്മൻകാരെ തോല്പിച്ചത്. അദ്ദേഹത്തിന്റെ സുദൃഢമായ മതവിശ്വാസത്തെപ്പറ്റി രാജകുമാരൻ തദവസരത്തിൽ വളരെ പ്രശംസിക്കുകയുണ്ടായി.

കൽദായപാത്രിയർക്കീസ് — ആധുനിക കൽദായപാത്രിയർക്കീസു തിരുമനസ്സിലെ ഗുരുപ്പട്ട സ്വീകരിച്ചിട്ടു ഈയിടെ മോടിയായി കഴിഞ്ഞു കൂടിയിരിക്കുന്നു. അദ്ദേഹം പാത്രിയർക്കീസായിട്ട് ഇപ്പോൾ മുപ്പതുകൊല്ലം പൂർത്തിയായിരിക്കുന്നുവത്രെ.

ഫ്രഞ്ചുഗവർമ്മെൻറു ബഹുമതി — ഇന്ത്യയുടെ വിസിറർ അപ്പസ്തോലിക്ക ആയിരുന്നശേഷം ഇപ്പോൾ റോമയിലെ അതുന്നത കർദ്ദിനാളന്മാരിൽ ഒരാളായിരിക്കുന്ന ലെപ്പുസിയേ തിരുമനസ്സിലേക്കു ഫ്രഞ്ചുഗവർമ്മെൻറിൽനിന്നു ലിജിയൻ ഓഫ് ഓണർ എന്ന സ്ഥാനപദവിയുടെ ചിഹ്നമായ കുരിശു സമ്മാനിച്ചിരിക്കുന്നു.

ഉപകാരസ്മരണകൾ.

ചേപ്പുങ്കൽ മാർസ്ലീവായുടെയും കൊഴുവനാൽ കപ്പേളയിലെ വി. അമലോത്ഭവമാതാവിന്റെയും അതിരമ്പുഴ വി. ദേവസ്യാനോസിന്റെയും വി. അന്തോനീസിന്റെയും അനുഗ്രഹത്താലും സഹായത്താലും എന്റെ മകളുടെ സുഖക്കേടു ഭേദമായതിനുപകാരസ്മരണ ശ്ലീ ഫ.

കളപ്പുര വയലിൽ ഔസേപ്പു മൂഴൂർ.

വി. കൊച്ചുത്രേസ്യായുടേയും കുഴുപ്പള്ളിച്ചേരി മെത്രാനച്ചന്റെയും സഹായത്താൽ പ്രമാദമായ ഒരു കേസ്സിൽ വിജയം പ്രാപിച്ചതിനു് ഉപകാരസ്മരണ ശ്ലീ ഫ. അലഞ്ചേരിൽ പീച്ചിപ്പോസു് പ്രിന്റിപ്പു് തുരുത്തി.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥം വഴിയായി ലഭിച്ച നന്മയ്ക്കു് ഉപകാരസ്മരണ ഫ്ര. ഫാദർ. ജെ. കെ.

ചരമവാർത്തകൾ.

കത്തോലിക്കസമുദായത്തിലെ പ്രസിദ്ധ ആയുർവ്വേദ വൈദ്യനായ ചങ്ങനാശേരിയിൽ വടക്കേമുറിയിൽ ഔസേപ്പച്ചനവർകളുടെ മകനും, അതിഭക്തനും ആയിരുന്ന ബ. സക്കറിയാസച്ചൻ ഇക്കഴിഞ്ഞ ജൂലൈ ൧൯-൹ സ്വഗൃഹത്തിൽവെച്ചു സ്യമോണിയാ ദീനത്താൽ പരലോകപ്രാപ്തനായിരിക്കുന്നു. മുപ്പത്തഞ്ചുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഈ യുവവൈദികൻ ആലപ്പുഴ കാഞ്ഞിരപ്പള്ളി എന്നീ പള്ളികളിൽ അസിസ്റ്റന്തി ആയും കുര്യപ്പള്ളി പള്ളിയിൽ വികാരിയായും സ്തുത്യർഹമാംവിധത്തിൽ ജോലി ചെയ്തിട്ടുണ്ട്. പന്ത്രണ്ടാംതീയതി രാവിലെ ൧൦-ൽപരം വൈദികരുടെ സാന്നിദ്ധ്യത്തിൽ ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസുകൊണ്ടു ശവസംസ്കാരകർമ്മം നിർവഹിക്കുകയുണ്ടായി. പരേതനായ ഈ വന്ദ്യവൈദികന്റെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിച്ചുപ്രാർഥിക്കണം. R. I. P.

ആനകല്ലുങ്കൽപള്ളി ഇടവക പ്ലാന്തോട്ടത്തിൽ ബ. കൊച്ചുകുരുവിള അച്ചന്റെ മാതാവു് മറിയം കഴിഞ്ഞ ജൂൺ ൧൦-ംതീയതിയും, പ്ലാശനാൽപള്ളി ഇടവക കുന്നത്തു വടക്കേക്കുറു അവുസേപ്പു സ്യമോണിയാ ദീനത്താൽ ജൂലൈ നാലാം തീയതിയും അന്ത്യക്രിയാശകളൊക്കെയും സുബോധത്തോടുകൂടി കൈക്കൊണ്ടു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

വിൽപാൻ തയാർ

—o—

മനോഹരമായ വേല! മിതമായവില!

St. Joseph's Embroidery Works. Changanacherry.

കുർബാനക്കുപ്പായം മുതലായ തിരുവസ്ത്രങ്ങളും വിൽപനയ്ക്കുണ്ടു്.

ജേക്കബ് സി. കല്ലുകളം,
അരമനഗയിറു്, ചങ്ങനാശേരി.

വേദപ്രചാര മദ്ധ്യസ്ഥൻ ഒരു പ്രതിമാസ പത്രിക.
വരിസംഖ്യ ആണ്ടടക്കം ഒരു രൂപാ.
മാനേജർ, ചങ്ങനാശേരി.

വിൽപാനുള്ള പുസ്തകങ്ങൾ.

	Rs.	as.	p.
Holy Bible	4	4	0
Imitation of Christ	0	12	0
New Testament	0	12	0
മോദോപദേശം	0	3	6
രാജാക്കന്മാരുടെ പുസ്തകം	1	2	0
തീർത്ഥയാത്രാനുഭവങ്ങൾ			
റവ. സിറിയക്കുപ്പിള്ള	0	8	0
തിരുഹൃദയാരാധകരുടെ	1	14	0
കേരളത്തിലെക്രൂസുമഠം			
ജോബ് എം. എ.	1	0	0
പ്രത്യക്ഷവിശ്വാസം ദാനി			
യേൽ നിരൂപണവും			
കെ. സി. തോമസ്സ് ബി. എ.			
എൽ. ടി.	0	4	0

	Rs.	as	p.
ഗുരോപദേശിക	0	8	0
പരിശുദ്ധാത്മാവിനെ ദുഃഖി			
പ്പിക്കരുതെന്നുള്ള ഉപദേശം			
സി. എൻ. മാധവൻപിള്ള	10		0
ഫാദർ ഡിക്സ് ഒസ്സ്യാനം	0	8	0
ക്രൂശുമരണം	0	1	4
കത്തോലിക്കാസഭയും പോ			
പ്പുസ്സും റവ. റവ. സ്റ്റാറി			
യാ പുസ്തകങ്ങൾ	0	1	0
കത്തോലിക്കാസഭയെന്താ			
യിരിക്കുന്നില്ല? റവ.			
ഫാദർ കാർട്ടി എസ്സ്. ജെ.	1		0
ജോഡാൻ ഓഫ് അക്കു	0	10	0
പരമസത്യങ്ങൾ	0	2	3
തിരുശീലസ്സ്	0	2	0

മാനേജർ, മദ്ധ്യസ്ഥൻബുക്ക്ഡിപ്പോ, ചങ്ങനാശേരി.

പഞ്ചാംഗം.

ആഗസ്റ്റ് മാസം.

എ. ഭ. ക. മറിയത്തിന്റെ തിരുഹൃദയ മാസം.

ഇം. മല.

൧ ഞ്ഞാ ഞ. ✠ വന്നു. വ—ാം ഞ. കുർ ൨ മെസ്സ്.
അടുത്ത ബുധൻ എ. ഭ. മ. ക. സ്നാവേന. തുടങ്ങുന്നു.

൨ ൨ സ്സ ഞ. ✠ വന്നു. ൻ=ാം ഞ. ഹാ. സ്സ ഹാ.

൩ സ്സ ഫ വെ. ✠ എ. ഭാ. മ. ക. സ്വർഗ്ഗാരോ.

൪ ഫ ഞ. ✠ വന്നു. ൧൦—ാം ഞ. കുർ. സ്സ കുർ.

൫ വ്വ ഞ. ✠ വന്നു. ൧൧—ാം ഞ. ഹാ. ൪ മെസ്സ്.
അടുത്തശനി എ. ഭ. ക. മ. പിറവി സ്നാവേന തുടങ്ങുന്നു.

സ്സ ൧൨ ഞ. ✠ വന്നു. ൧൨—ാം ഞ. കുർ. സ്സ ഹാ.
അടുത്തത് ആദ്യവെള്ളി.

വേദപ്രചാരത്തിനു ധനസഹായം ചെയ്തവരുടെ

പേരുവിവരം

ഏപ്രിൽ		രൂ.
കുമ്പിടിയിൽ ബേർഡിങ് സൂപ്രണ്ടിങ് ഓഫീസർ ചങ്ങനാശ്ശേരി		10
ദിവ്യശ്രീ കുമ്മാട്ടുകളത്തിൽ വക്കിയച്ചൻ അവർകൾ കുട്ടനാട്		5
ടി. മുരിക്കൽ പ്രിച്ചൻ	മുട്ടുചിറ	5
ശ്രീമാൻ നീരാക്കൽ കാരക്കാക്കുഴിയിൽ ഔസേപ്പ്	"	
" മുണ്ടകപ്പറമ്പിൽ ചാക്കൊ	"	
" മടത്തിക്കണ്ടത്തിൽ വർഗീസ്	"	1
" വള്ളിവാതുക്കൽ വക്കി	"	1
" വള്ളിവാതുക്കൽ ഔസേപ്പ്	"	1
" ചിറയ്ക്കൽ ചാക്കൊ	"	1
" നിരവത്തുപറമ്പിൽ വക്കി	"	1
" അരുവിക്കുഴുപ്പിൽ കൂനൻ	"	1
" പുത്തൻവേലിൽ ചാക്കൊ	"	1
" ചേലനിരപ്പേൽ ഔസേപ്പ്		1
ചില്ലറ തുകകൾ—		7
	ആകെ	42

മുട്ടുചിറ
31 ഏപ്രിൽ 1930

വാർഡർ ഹിലിപ്പ് മുരിക്കൽ
അസി. ഡയറക്ടർ

സെണ്ട്റൽബാങ്ക് (ക്രിപ്തം) പാലാ

ഡിപ്പോസിറ്റുകൾ സ്വീകരിച്ചു താഴെ കാണുന്ന നിരക്കിൽ പലിശ കൊടുക്കപ്പെടും.

കറൻറ് ഡിപ്പോസിറ്റ്	....	ന്യ ശതമാനം.
സേവിംഗ്സ്	....	ൽ "
സ്ഥിരം ആറു മാസത്തേക്ക്	....	ൽ "
" ഒരു വർഷത്തേക്ക്	....	ൻ "
" രണ്ടുവർഷത്തേക്കോ അധികവും കാ		"

കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

കയ്യാലക്കകത്ത് ജോസഫ് അഗസ്തി,
മാനേജിംഗ് ഡയറക്ടർ

Printed and published by *Rev. Fr. M. Alakalam* at the St. Joseph's Orphanage Press: Changanacherry.